
# LAITY VOICE

2017 JANUARY | Volume: 7 | No: 7

ക്രൈസ്തവ ജനതയുടെ മുഖപത്രം





# പുതുവർഷം നന്മചെയ്തു മനോഹരമാക്കാം: ഫ്രാൻസീസ് മാർപാപ്പ

വത്തിക്കാൻസിറ്റി: പകയും വെറുപ്പും ഉപേക്ഷിച്ച് നന്മയുടെ പാതയിൽ സഞ്ചരിച്ച് പുതുവർഷം മികച്ചതാക്കാമെന്ന് ഫ്രാൻസീസ് മാർപാപ്പ. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ വിശ്വാസികൾക്ക് പുതുവർഷസന്ദേശം നൽകുകയായിരുന്നു മാർപാപ്പ. സാഹോദര്യത്തിന്റെയും അനുരഞ്ജനത്തിന്റെയും പാത സ്വീകരിക്കണം. ലോകത്തെ ഗ്രസിച്ചിരിക്കുന്ന തീവ്രവാദത്തെ ധൈര്യത്തോടെ നേരിടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതായും പുതുവത്സരസന്ദേശത്തിൽ മാർപാപ്പ പറഞ്ഞു.

പ്രത്യാശയുടെയും പ്രതീക്ഷയുടേതുമായ പുതുവർഷത്തിന്റെ ആദ്യദിനത്തിൽ തന്നെ നിർഭാഗ്യവശാൽ അക്രമം നടന്നിരിക്കുകയാണെന്നു തുർക്കിയിലെ ഇസ്താംബൂളിൽ നടന്ന ഭീകരാക്രമണത്തെ പരാമർശിച്ച് മാർപാപ്പ പറഞ്ഞു. ഏറെ ദുഃഖത്തോടെ തുർക്കിയിലെ ജനങ്ങളെ എന്റെ അനുശോചനം ഞാൻ അറിയിക്കുന്നു. മരിച്ചവർക്കായും പരിക്കേറ്റവർക്കായും ഞാൻ പ്രാർത്ഥിക്കുന്നു. ഒപ്പം അക്രമത്തിന്റെ കെടുതികൾ അനുഭവിക്കുന്ന ലോകത്തെ എല്ലാ ജനങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. ഭീകരവാദമെന്ന വിപത്തിനെതിരെയും രക്തച്ചൊരിച്ചിലിനെതിരെയും പോരാടാൻ രംഗത്തുള്ള സുമനസ്സുകളെ ദൈവം ശക്തിപ്പെടുത്തട്ടെ-മാർപാപ്പ പറഞ്ഞു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ദിവ്യബലിമധ്യേ നൽകിയ സന്ദേശത്തിൽ സ്വന്തം കഴിവുകളിൽ മതിമറന്നു ജീവിക്കുന്നവർ സമൂഹത്തിൽ പെരുകുകയാണെന്ന് മാർപാപ്പ പറഞ്ഞു. ബന്ധങ്ങൾ ശിഥിലമാകുന്നു. സാംസ്കാരികരംഗത്തും ഭിന്നത ദൃശ്യമാണ്. ഇത് ഒരുതരം അനാഥത്വത്തിലേയ്ക്കാണ് നയിക്കുന്നത്. തത്ഫലമായി വലിയ ശൂന്യതയും ഏകാന്തതയും അനുഭവപ്പെടുന്നു.എളിമയും ലാളിത്യവും ദുർബലതയുടെ അടയാളങ്ങളല്ല, മറിച്ച് ശക്തിയുടെ അടയാളങ്ങളാണ്-മാർപാപ്പ ചൂണ്ടിക്കാട്ടി.



# റബർ: രാജ്യാന്തര വിപണി കുതിച്ചുയരുമ്പോൾ ആഭ്യന്തര വിപണി അട്ടിമറിക്കുന്നതാര്?

വിലത്തകർച്ചയിൽ തകർന്നടിഞ്ഞ റബറിന്റെ ആഭ്യന്തര വിപണിയ്ക്ക് രാജ്യാന്തരവിപണി നൽകിയ പ്രതീക്ഷകൾ തകിടംമറിഞ്ഞിരിക്കുന്നു. കുതിച്ചുയർന്ന രാജ്യാന്തര റബർ വിലയ്ക്ക് അനുപാതികമായി ഉണരാത്ത ഇന്ത്യൻവിപണി കർഷകർക്ക് തിരിച്ചടിയായി. അന്താരാഷ്ട്ര മാർക്കറ്റിലെ വിലയിടിവ്, ആഭ്യന്തര ഉല്പാദനക്കുറവുമൂലമുള്ള അനിയന്ത്രിതമായ ഇറക്കുമതി, ക്രൂഡോയിലിന്റെ വിലത്തകർച്ച, സിന്തറ്റിക് റബറിന്റെ ഉപഭോഗ



വർദ്ധനവ്, വിവിധ രാജ്യങ്ങളിലെ റബർകൃഷി വ്യാപനവും ഉല്പാദനവർദ്ധനവും, ഇന്ത്യയിൽ വടക്കുപടിഞ്ഞാറൻ ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ ഇതിനോടകം റബർകൃഷി വ്യാപിച്ചിരിക്കുന്നത്, ആഭ്യന്തര ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായെന്നുള്ള പ്രഖ്യാപനം എന്നിവയാണ് ആഭ്യന്തര വിപണിയുടെ തകർച്ചയുടെ കാരണങ്ങളായി കേന്ദ്രസർക്കാരും, റബർ ബോർഡും, വ്യവസായികളും, രാഷ്ട്രീയ നേതൃത്വങ്ങളും അക്കമിട്ട് നിരത്തി പറഞ്ഞുവിശ്വസിപ്പിച്ചത്. **രാജ്യാന്തരവില കുതിച്ചുയർന്നിട്ടും ആഭ്യന്തരവിലയിൽ അനുപാതികമായ ഉയർച്ചയുണ്ടാകാത്തത് ഇവരുടെ വാദങ്ങളുടെ മുനയൊടിക്കുന്നു.**

**കേന്ദ്രസർക്കാരും റബർ ബോർഡും വ്യവസായികളുമുൾക്കൊള്ളുന്ന മൂവർ സംഘത്തിന്റെ കർഷകവിരുദ്ധ നിലപാടിന്റെ ഇരകളാണിന്ന് റബർ കർഷകർ.** വസ്തുതകൾ പഠിക്കുവാനും സത്യം അന്വേഷിക്കുവാനും രാജ്യാന്തര റബർ വിപണിയുടെ വളർച്ചയും തളർച്ചയും അപഗ്രഥിക്കുവാനും കർഷകർക്കാകുന്നില്ല. ഉല്പാദനം കുറഞ്ഞാൽ വ്യവസായികൾ ഇറക്കുമതി കൂട്ടുമെന്നും ഇക്കൂട്ടരെ ഇറക്കുമതിയിൽ നിന്നും പിന്തിരിപ്പിക്കാൻ എന്തു നഷ്ടം സഹിച്ചും കർഷകർ ഉല്പാദനം വർദ്ധിപ്പിക്കണമെന്നും നിരന്തരം ഉപദേശിക്കുന്ന റബർ ബോർഡുന്നതരുടെ കാപഠ്യം കർഷകർതിരിച്ചറിയണം. **ആഭ്യന്തര വിപണിയിൽ ഉല്പാദനം മുൻവർഷങ്ങളേക്കാൾ വർദ്ധിച്ചുവെന്ന് വിളിച്ചുപറഞ്ഞ് വിപണിവിലയിടിക്കുന്നവരുടെ കുശാഗ്രബുദ്ധിയുടെ ക്രൂരത മനസ്സിലാക്കണം. റബറിന്റെ ഇറക്കുമതി തടയുന്നതിനായി ഉല്പാദനം പെരുപ്പിച്ചുകാണിച്ച് റബർബോർഡ് കബളിപ്പിക്കുന്നുവെന്ന വ്യവസായികളുടെ ആക്ഷേപം ഉല്പാദനവർദ്ധനവിന്റെ മറവിൽ വിപണിവിലയിടിക്കുവാനുള്ള ആസൂത്രിതവും സംഘടിതവുമായ നീക്കമായേ കാണാനാവൂ.**

2016 ഡിസംബർ മധ്യവാരത്തിൽ റബർ ബോർഡ് നവംബറിലെ റബറുല്പാദനത്തിന്റെ വർദ്ധനവ് സൂചിപ്പിച്ചുകൊണ്ടുള്ള പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി. 2015 നവംബറിലെ ഉല്പാദനം 53,000 ടൺ. 2016ലെ ഉല്പാദനം 63,000 ടൺ. അതായത് 2016 നവംബറിൽ 10,000 ടണ്ണിന്റെ വർദ്ധനവ്. **ഈ കണക്കിന്റെ അടിസ്ഥാനമെന്ത്? ആർക്കുവേണ്ടിയാണ് അഥവാ ആരെ സംരക്ഷിക്കാൻവേണ്ടിയാണ് റബർ ബോർഡ് ഉന്നതരും ഉദ്യോഗസ്ഥരും ചേർന്ന് ഇത്തരം കണക്കുകൾ രൂപപ്പെടുത്തുന്നത്? അന്വേഷിക്കുമ്പോൾ ചിത്രം കൂടുതൽ വിചിത്രമാകുന്നു.**

നവംബറിൽ ഷീറ്റുല്പാദിപ്പിക്കുന്ന നല്ലൊരു ശതമാനം കർഷകർക്കും സ്റ്റോക്ക് ചെയ്യുന്നില്ലെങ്കിൽ ഡിസംബർ അവസാനമോ ജനുവരിയിലോ മാത്രമേ ചെറുകിട വ്യാപാരികളുടെ പക്കൽ ഉല്പന്നമെത്തിക്കാനാവൂ. **ഷീറ്റുണക്കി വിപണിയിലെത്തിക്കുവാൻ സാധാരണ രീതിയിൽ 3 ആഴ്ചയെങ്കിലും സമയമെടുക്കും. ഈ വർഷമാകട്ടെ കാലാവസ്ഥാ വ്യതിയാനംകൊണ്ട് ഉല്പാദനത്തിൽ കുറവുണ്ടുതാനും. ഉല്പാദിപ്പിച്ച റബറാകട്ടെ നോട്ടു നിരോധനത്തിന്റെ നല്ല സമയത്ത് പണം ലഭിക്കാത്തതുകൊണ്ട് കർഷകർ വിപണിയിലിറക്കിയിട്ടുമില്ല. പിന്നെങ്ങനെ റബർ ബോർഡ് ഉല്പാദനവർദ്ധനവിന്റെ റിപ്പോർട്ടുണ്ടാക്കി പ്രസിദ്ധീകരിച്ചു?** ഇവിടെയാണ് ഉല്പാദനവർദ്ധനവ് ചൂണ്ടിക്കാട്ട് വിലയിടിച്ച് വ്യവസായികളെ സംരക്ഷിക്കുന്ന റബർബോർഡ് ഉദ്യോഗസ്ഥരുടെ കർഷകവിരുദ്ധസമീപനം കർഷകർ തിരിച്ചറിയേണ്ടത്.

2017 മാർച്ച് 31നകം 5000 ടൺ റബർ കയറ്റുമതി ചെയ്യുമെന്ന ഡിസംബറിൽ റബർബോർഡ് നടത്തിയ പ്രഖ്യാപനവും വളരെ വിചിത്രമാണ്. കഴിഞ്ഞ ഏഴുമാസങ്ങളിലെ (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) ആകെ റബർ കയറ്റുമതി 650 ടൺ

മാത്രമാണെന്നിരിക്കെ **ബാക്കി അഞ്ചുമാസത്തിനുള്ളിൽ 4350 ടൺ കയറ്റുമതി ചെയ്ത് ഈ സാമ്പത്തിക വർഷം 5000 ടൺ കയറ്റുമതി ഉണ്ടാകുമെന്ന് വിളിച്ചറിയിച്ചിരിക്കുന്നത് ആരെ സംരക്ഷിക്കാനാണ്? കയറ്റുമതി ചെയ്യുവാൻ കേന്ദ്ര സർക്കാരോ റബർബോർഡോ റബർ സംഭരിക്കുന്നുണ്ടോ?** ലോകത്തിലെ ആകെ പ്രകൃതിദത്ത റബറിന്റെ 78 ശതമാനം ഉല്പാദിപ്പിക്കുന്ന തായ്‌ലൻഡ്, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങി രാജ്യങ്ങളിലെ സർക്കാരുകൾ കർഷകരിൽ നിന്ന് നേരിട്ടാണ് റബർ സംഭരിക്കുന്നതും കയറ്റുമതിചെയ്യുന്നതും. സർക്കാരാണ് വിപണിവില നിശ്ചയിക്കുന്നതും. **വൻ പ്രതിസന്ധി ഘട്ടത്തിൽപോലും അടിയന്തര ഇടപെടുകൾ നടത്താത്ത കേന്ദ്ര സർക്കാരും റബർബോർഡും പഴയതുപോലെ കർഷകരെ പറഞ്ഞുപറ്റിക്കുന്ന ശൈലി വിലപ്പോവില്ല.**

റബർ ബോർഡ് വൻതുക ചെലവഴിച്ച് വൻ പ്രചാരണം നടത്തിയ **ആഴ്ചയിലൊരിക്കൽ ടാപ്പിംഗ്** എന്ന മറ്റൊരു പദ്ധതിയെക്കുറിച്ചും ഇവിടെ പറയാതെ വയ്യ. ബഹുഭൂരിപക്ഷം കർഷകരും ഈ പദ്ധതിയിൽ അംഗമായി ചേർന്നുവെന്നാണ് റബർബോർഡ് ഇക്കാലമത്രയും അവകാശപ്പെട്ടത്. ഈ കണക്കനുസരിച്ചാണെങ്കിൽ നവംബറിലെ നാലാഴ്ചകളിലെ നാലു ദിവസം മാത്രമേ കർഷകർക്ക് ടാപ്പിംഗ് നടത്താനാവൂ. അങ്ങനെയെങ്കിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ടാപ്പിംഗ് നടത്തിയ 2015 നവംബറിലെ ഉല്പാദനത്തിൽ നിന്ന് വളരെ കുറവു മാത്രമേ 2016 നവംബറിൽ ഉല്പാദനമുണ്ടാകുകയുള്ളൂവെന്ന് വ്യക്തമാണ്. **കേന്ദ്രവാണിജ്യമന്ത്രാലയത്തിലെ ഉന്നതരെ തൃപ്തിപ്പെടുത്തുവാനും സർക്കാർ ഖജനാവിൽ നിന്നുള്ള പണം കൊള്ളയടിക്കുവാനും കർഷകരെ നിരന്തരം കബളിപ്പിക്കുവാനും കുറുക്കുവഴികൾ കണ്ടെത്തുന്നവരുടെ ഒളിസങ്കേതമായി റബർബോർഡ് അധഃപതിച്ചിരിക്കുന്നുവെന്ന് വേദനയോടെ പറയേണ്ടിയിരിക്കുന്നു.**

**ഉല്പാദനം, ഉപഭോഗം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച് റബർ ബോർഡ് നടത്തുന്ന ഔദ്യോഗിക വിവരണങ്ങളുടെ ആധികാര്യത നഷ്ടപ്പെട്ടിരിക്കുന്നു.**

രാജ്യാന്തര വിപണിയിൽ റബറിന്റെ വില കണക്കാക്കുന്നത് ബാങ്കോക്ക് മാർക്കറ്റ് അടിസ്ഥാനമാക്കിയാണ്. ഗുണമേന്മയിൽ ബാങ്കോക്കിലെ ആർഎസ്എസ് 3 ഗ്രേഡിനു തുല്യമാണ് ഇന്ത്യയിലെ ആർഎസ്എസ് 4 ഗ്രേഡ് റബർ. ബാങ്കോക്ക് മാർക്കറ്റിലെ കഴിഞ്ഞ ഒരു മാസത്തെ വിപണിവില ഇപ്രകാരമാണ്: നവംബർ 1 ന് 116.70 രൂപയായിരുന്നു ഒരുകിലോ ആർഎസ്എസ് 3 യുടെ രാജ്യാന്തര വില. നവംബർ 29 ന് 141.10 രൂപയും. ഇന്ത്യയിലെ ആഭ്യന്തരവിലയാകട്ടെ നവംബർ 1ന് 116.50 രൂപയും നവംബർ 29 ന് 130 രൂപയും, റബർ ബോഡ് പ്രഖ്യാപിക്കുന്ന വിലയ്ക്ക് വിപണിയിൽ കച്ചവടം നടക്കുകയില്ല. ഇതിനായി ആശ്രയിക്കേണ്ടത് കർഷകരിൽ നിന്ന് റബർ വാങ്ങിക്കുന്ന വ്യാപാരികളുടെ വിലയാണ്. അതാകട്ടെ നവംബർ 1ന് 113 രൂപയും നവംബർ 29 ന് 127 രൂപയും. ചുരുക്കിപ്പറഞ്ഞാൽ രാജ്യാന്തരവിലയേക്കാൾ 14 രൂപ കുറവിലാണ് കേരളത്തിൽ കർഷകർക്ക് നവംബർ മാസത്തിൽ റബർ വിൽക്കാനായത്. ഡിസംബറിൽ ഈ വ്യത്യാസം 30 രൂപയോളമെത്തി.

ഇനി 2017 ജനുവരിയിലെ കണക്കെടുക്കാം. 2017 ജനുവരി 4ന് റബറിന്റെ ആഭ്യന്തരവില 139 രൂപ. വ്യാപാരിവില 135. രാജ്യാന്തരവിലയാകട്ടെ 155 രൂപയും. 2017 ജനുവരി 9ന്റെ വിലയും ഞങ്ങളിവിടെ കുറിക്കുന്നു. ആഭ്യന്തരവില 140 മാത്രം. വ്യാപാരിവില 137. രാജ്യാന്തരവിലയാകട്ടെ 161.72 രൂപയായി കുതിച്ചുയർന്നു. രാജ്യാന്തവിലയേക്കാൾ 24.72 രൂപ കുറവിലാണ് വ്യാപാരികൾ കച്ചവടം നടത്തുന്നത്. **കേന്ദ്രസർക്കാരിന്റെയും നമ്മുടെ സംരക്ഷകരെന്ന് വിശ്വസിച്ചുപോന്ന റബർബോർഡിന്റെയും ചതിക്കെണികൾ ഇനിയെങ്കിലും കർഷകർ തിരിച്ചറിയണം.**

അന്താരാഷ്ട്ര വില കുതിച്ചുയർന്നിട്ടും ആഭ്യന്തരവിപണിയെ അനുപാതികമായിട്ടുയർത്താതെ പിന്നോക്കം വലിച്ച് വൻവ്യവസായികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഒത്താശ ചെയ്യുന്നത് റബർബോർഡും കേന്ദ്രസർക്കാരുമാണെന്ന് വീണ്ടും ലെയ്റ്റി വോയ്സ് ആവർത്തിക്കുന്നു.

ക്രൂഡോയിൽ വിലയിലുള്ള മാറ്റങ്ങളും, പ്രകൃതിദത്ത



റബറിന്റെ ബാങ്കോക്ക് മാർക്കറ്റ് അടിസ്ഥാനമാക്കിയ രാജ്യാന്തര വിലയും, ഇറക്കുമതിച്ചുങ്കവും, ആഭ്യന്തര ഉല്പാദനവും വിപണിവില നിശ്ചയിക്കുവാൻ അടിസ്ഥാനഘടകമാണ്. 25 ശതമാനം ഇറക്കുമതിച്ചുങ്കത്തോടൊപ്പം മൂന്ന് ശതമാനം സെൻട്രൽ എക്സൈസ് സെസ്സ്, മൂന്ന് ശതമാനം കസ്റ്റംസ് സെസ്സ്, നാലുശതമാനം കൗണ്ടർ വെയ്‌ലിംഗ് ഡ്യൂട്ടി ഉൾപ്പെടെ മുപ്പത്തഞ്ച് ശതമാനം ചുങ്കമടച്ചാൽ മാത്രമേ ഇറക്കുമതി സാധ്യമാകൂ. ബാങ്ക് ചാർജും കടത്തുകൂലിയും വേറെ. ഇവയെല്ലാം പരിഗണിച്ച് **ആഭ്യന്തരവില 210 രൂപയിലധികമായി പ്രഖ്യാപിക്കുന്നതിനുപകരം നികുതിരഹിത ഇറക്കുമതിക്ക് അവസരമൊരുക്കി ആഭ്യന്തരവിപണി മന്ദീഭവിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെയും റബർബോർഡിന്റെയും നിലപാട് വൻ തകർച്ചയിലും മാറ്റമില്ലാതെ തുടരുന്നത് അതിക്രൂരമാണ്.**

സംസ്ഥാന സർക്കാരിന്റെ റബർ സഹായധനപദ്ധതിയുടെ മറവിൽ കുറഞ്ഞവിലയ്ക്ക് വ്യവസായികൾക്ക് അസംസ്കൃത റബർ എത്തിച്ചുകൊടുക്കുന്ന ഇടനിലക്കാരായി റബർബോർഡ് മാറിയോ? സഹായധനപദ്ധതിയിൽ നിന്ന് 2016 ജൂൺ 15 വരെയുള്ള ബില്ലുകളിൽ മാത്രമേ സബ്സിഡി ലഭിച്ചിട്ടുള്ളൂ. ഇതുവരെയുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന സഹായധനം പോലും തികയാതെ വരും. **നോട്ടുപ്രതിസന്ധിയിലൂടെ രൂപം കൊണ്ട സാമ്പത്തിക അരക്ഷിതാവസ്ഥ കൂനിന്മേൽ കുരുപോലെ ചെറുകിട കർഷകന്റെ ജീവിതം വഴിമുട്ടിക്കുന്നുവെന്നത് മറ്റൊരു സത്യം.**

പെറുവിലെ ലാമയിൽ നവംബർ 18ന് ചേർന്ന ഏഷ്യൻ പസഫിക് സാമ്പത്തിക കോർപ്പറേഷന്റെ ഉന്നതതല സമ്മേളനത്തെത്തുടർന്ന് ടയർ ഉൾപ്പെടെ റബറധിഷ്ഠിത ഉല്പന്നങ്ങളുടെ ആഗോളവിപണിയിലെ പങ്കാളിത്തം സജീവമാക്കുവാൻ ചൈന മുന്നോട്ടിറങ്ങിയിരിക്കുന്നു. നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംമ്പ് താൻ അധികാരമേറ്റെടുത്ത് ആദ്യ നൂറ്ദിനങ്ങളിൽ നടത്തുന്ന ഭരണനടപടികളെക്കുറിച്ച് നവംബർ 21 ന് പ്രഖ്യാപിക്കുകയുണ്ടായി. അതിലൊന്ന് ബാരക് ഒബാമയുടെ നേതൃത്വത്തിൽ 2015 ഒക്ടോബർ 5ന് ഒപ്പുവച്ച് 2016 ഫെബ്രുവരി 4 ന് ന്യൂസിലാൻഡിലെ ഓക്‌ലാൻഡിൽവച്ച്

ഔദ്യോഗികമായി പ്രഖ്യാപിച്ച പന്ത്രണ്ട് രാജ്യങ്ങൾ ഉൾക്കൊള്ളുന്ന **ട്രാൻസ് പസഫിക് പാർട്ണർഷിപ്പ് ഉടമ്പടിയിൽ നിന്ന് അമേരിക്ക പിൻമാറുമെന്നതാണ്. ഈ പ്രഖ്യാപനം ചൈനയുടെ റബർ വിപണിയിൽ വൻ ഉണർവ്വേകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി റബറധിഷ്ഠിത ഉല്പാദനത്തിന് ഒട്ടേറെ പ്രോത്സാഹനവും ഇളവുകളും ചൈനസർക്കാർ കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ചു.**

ആസിയാൻ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധങ്ങളുടെയും ആർസിഇപി കരട് കരാറിന്റെയും അടിസ്ഥാനത്തിൽ ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള സ്വാഭാവിക റബറിന്റെ ഇറക്കുമതി ചൈന കുത്തനെ കൂട്ടുകയും രാജ്യാന്തരവില ഉയരുകയും ചെയ്തു.

രാജ്യാന്തരവില ഉയരുമ്പോൾ സ്വാഭാവികമായും ഇന്ത്യയുടെ ആഭ്യന്തരവിപണിയിലും അനുപാതികമായ ഉയർച്ചയുണ്ടാകേണ്ടതാണ്. എന്നാൽ **ഇറക്കുമതി നഷ്ടം ഒഴിവാക്കാൻ ആഭ്യന്തരവിപണിയെ തകർക്കുന്ന വ്യവസായികളുടെ നിലപാടിന് കേന്ദ്രസർക്കാരും റബർ ബോർഡും ഒത്താശചെയ്ത് കർഷകരെ ദ്രോഹിക്കുന്നു. രാജ്യാന്തരവില കുതിച്ചുയർന്നപ്പോൾ ഇന്ത്യയിലെ ഇറക്കുമതിക്കാർക്കുണ്ടായ വൻനഷ്ടം ഒഴിവാക്കാനാണ് റബർ ബോർഡ് അനുപാതികമായി ആഭ്യന്തരവില ഉയർത്താത്തതെന്നും ആക്ഷേപമുയർന്നിട്ടുണ്ട്.**

അന്താരാഷ്ട്ര വ്യാപാരക്കരാറിന്മേലുള്ള ചർച്ചകൾക്കും ഉടമ്പടികൾക്കും മേൽനോട്ടം വഹിക്കുന്നതും രാജ്യത്തിനു വേണ്ടി ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നതും കേന്ദ്രവാണിജ്യമന്ത്രാലയമാണ്. വാണിജ്യമേഖലയുടെ വളർച്ചയും ഇതരരാജ്യങ്ങളുമായുള്ള വാണിജ്യബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ടതും വാണിജ്യമന്ത്രാലയത്തിന്റെ ഉത്തരവാദിത്വമാണ്. നാടിന്റെ വികസനത്തിനും വ്യവസായിക വളർച്ചയ്ക്കും കച്ചവടതാല്പര്യങ്ങൾക്കും വാണിജ്യമന്ത്രാലയത്തിന്റെ ഇടപെടൽ ശക്തമാകുമ്പോൾ ഇതിന്റെ പേരിൽ പലപ്പോഴും തകർന്നടിയുന്നത് കാർഷികമേഖലയാണ്.

**കാർഷികമേഖലയിലെ യഥാർത്ഥ പ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടും കർഷകതാല്പര്യങ്ങളെ ഹനിച്ചുകൊണ്ടും കേന്ദ്ര-സംസ്ഥാന കൃഷിമന്ത്രാലയങ്ങളെ നോക്കുകുത്തികളാക്കി വാണിജ്യമന്ത്രാലയം അന്താരാഷ്ട്രകരാറുകളിൽ ഉടമ്പടിയാകുന്നതിന്റെ ബാക്കിപത്രമാണ് റബറുൾപ്പെടെ കാർഷികമേഖലയിൽ ഇന്ന് നാം അനുഭവിക്കുന്ന ദുരവസ്ഥയുടെ സുപ്രധാന കാരണം.** ഇതിന്റെ ഇന്നലകളിലെ വേദനിപ്പിക്കുന്ന നൊമ്പരങ്ങളാണ് ലോകവ്യാപാരസംഘടനയിൽ റബറിനെ കാർഷികോല്പന്നമാക്കാതെ വ്യവസായിക അസംസ്കൃത വസ്തുവാക്കിയത്. **പുത്തൻ രാജ്യാന്തര കരാറുകളിലൂടെ ലക്ഷ്യംവയ്ക്കുന്ന വ്യവസായിക വളർച്ചയ്ക്കായി ബലികൊടുക്കപ്പെടുന്നത് കാർഷികമേഖലയും അസംഘടിത കർഷകസമൂഹവുമാണെന്നുള്ളതിന്റെ പ്രതിഫലനമാണ് ആഗോള വിപണി ഉയർന്നിട്ടും അനുപാതികമായിട്ടുണരാത്ത റബറിന്റെ ആഭ്യന്തരവിപണി.**



റബർ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാൻ കേന്ദ്ര വാണിജ്യമന്ത്രി നിർമ്മല സീതാരാമൻ 2016 ഓഗസ്റ്റ് 22ന് റബർകൃഷിയുള്ള സംസ്ഥാനങ്ങളിലെ പാർലമെന്റംഗങ്ങളുടെയും റബർബോർഡ് ഉന്നത ഉദ്യോഗസ്ഥരുടെയും സംഘടനാ പ്രതിനിധികളുടെയും പ്രത്യേക സമ്മേളനം ഡൽഹിയിൽ വിളിച്ചുചേർത്തിരുന്നു. വിലത്തകർച്ചയിൽ അടിയന്തര നടപടികളാണ് കേന്ദ്രസർക്കാരിൽ നിന്ന് ഈ സമ്മേളനത്തിൽ റബർ കർഷകർ പ്രതീക്ഷിച്ചത്. റബറിന്റെ അനിയന്ത്രിതമായ ഇറക്കുമതിനിയന്ത്രിക്കുവാനോ വിലയിടിവുമൂലം തകർന്ന ആഭ്യന്തരവിപണി ഉയർത്താനോ ക്രിയാത്മക പ്രഖ്യാപനങ്ങളും നടപടികളുമില്ലാതെ ഒരു ചടങ്ങായി സമ്മേളനം അവസാനിച്ചു. എന്നാൽ, റബറിന് അടിസ്ഥാനവില നിശ്ചയിക്കുവാൻവേണ്ടി ഉല്പാദനച്ചെലവ് കണക്കാക്കാൻ വിദഗ്ദ്ധസമിതിയെ നിയമിക്കുമെന്ന് സമ്മേളന തീരുമാനമായി വാണിജ്യവകുപ്പ്മന്ത്രി പ്രഖ്യാപനം നടത്തി. ഈ പ്രഖ്യാപനം ഇന്നും നടപടികളില്ലാതെ പ്രഖ്യാപനമായി തുടരുന്നു.

2016 നവംബർ 21ന് ഇടുക്കി എംപി ജോയിസ് ജോർജ് ലോകസഭയിൽ ചോദ്യനമ്പർ 894 പ്രകാരം റബറിന് അടിസ്ഥാന താങ്ങുവില (minimum support price) നിശ്ചയിച്ചുവോ? അതിനുള്ള തയ്യാറെടുപ്പുകൾ എത്രത്തോളമായി എന്ന ചോദ്യത്തിന് അങ്ങനെയൊന്നില്ലെന്നുള്ള മറുപടിയാണ് മന്ത്രി നൽകിയത്. **കൂടാതെ ഒരു കിലോ റബറിന്റെ ഉല്പാദനച്ചെലവ് നിർണ്ണയിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് അങ്ങനെയൊരു പഠനമേ നടത്തിയിട്ടില്ലെന്ന് വാണിജ്യവകുപ്പ് മന്ത്രി കൂട്ടിച്ചേർത്തു.**

കേരളമുൾപ്പെടെ രാജ്യത്തെ 12 ലക്ഷം റബർ കർഷകരുടെ പ്രശ്നങ്ങളെ വളരെ നിസ്സാരവൽക്കരിച്ച് ലാഘവത്തോടെ കാണുക മാത്രമല്ല മുഖം തിരിഞ്ഞുനിൽക്കുന്ന സമീപനവും ധാർഷ്ഠ്യനിലപാടുമാണ് കേന്ദ്രസർക്കാർ തുടരുന്നത്. രാജ്യാന്തരവില കുതിച്ചുയരുമ്പോഴും ആഭ്യന്തരവില ഇടിച്ചു താഴ്ത്തി **കർഷകനെ മറന്ന് വ്യവസായികൾക്ക് കുടപിടിക്കുന്ന കേന്ദ്രസർക്കാർ നയം മറനീക്കി പുറത്തുവന്നിരിക്കുമ്പോൾ റബറിന്റെ ഭാവി ഇരുളടയുന്നു.** ആകെ ആശ്വാസമുണ്ടായിരുന്ന സംസ്ഥാനസർക്കാരിന്റെ വിലസ്ഥിരതാപദ്ധതിയും നോട്ടുപ്രതിസന്ധിയിൽ കൂച്ചുവിലങ്ങിലുമായി.

**സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി ഉൾപ്പെടെയുള്ള രാജ്യാന്തര കരാറുകളിലൂടെയും ഉഭയകക്ഷി ഉടമ്പടികളിലൂടെയും നികുതിരഹിത ഇറക്കുമതികൂടെ നടപ്പിലാക്കുമ്പോൾ റബർമേഖലയിലെ പ്രതിസന്ധികൾ വീണ്ടും അതിരൂക്ഷമാകും.**

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

# 2017 ജനുവരി 15 കർഷകദിനം

# കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാ വർഷവും ജനുവരി 15 ന് കർഷകദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും വെറും ചടങ്ങുകൾക്കപ്പുറം കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കായി സർക്കാർവക കർഷകദിനാഘോഷങ്ങൾ ഉപകരിക്കുന്നില്ലന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി കേരളസഭ ആചരിക്കുവാൻ തീരുമാനിച്ചത്.

ഇൻഫാം ശബ്ദമില്ലാത്തവരുടെ ശബ്ദവും അസംഘടിത കർഷക സമൂഹത്തിന്റെ പ്രതീക്ഷയുമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകരെ നിരന്തരം ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായി പ്രതികരിക്കുകയും സമൂഹത്തിലെ അദ്ധ്വാനവർഗ്ഗത്തെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്യുന്ന സ്വതന്ത്ര കർഷകപ്രസ്ഥാനമാണിത്.

കർഷകർ ഉല്പാദന പ്രക്രിയയിൽ മാത്രം ശ്രദ്ധിച്ചാൽ മതിയാകില്ലന്നു മനസിലാക്കി സംഭരണ സംസ്കരണ വിപണന സാധ്യതകളും തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കി കർഷകരുടെ നന്മകൾ തിരിച്ചറിയാത്ത രാഷ്ട്രീയ ഭരണനേതൃത്വങ്ങളേയും അവരെ നിയന്ത്രിക്കുന്ന കർഷകവിരുദ്ധ ശക്തികളേയും സധൈര്യം നേരിട്ട് കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടുകളായി ഇൻഫാം പ്രവർത്തനനിരതമാണ്.

ആധുനിക ശാസ്ത്ര പുരോഗതിയുടെ കുത്തൊഴുക്കിൽ എല്ലാം കടപുഴകിക്കൊണ്ടുള്ള കാർഷികവളർച്ചയല്ല നാം ലക്ഷ്യമിടുന്നത്. പഴമയിലെ എല്ലാ നന്മകളേയും സ്വീകരിച്ചുകൊണ്ട് ആധുനികതയുടെ സഹായത്തോടുകൂടിയ വികസനമാണ് നമ്മുടെ ലക്ഷ്യം. കാരണം പരമ്പരാഗത കൃഷിരീതികൾ നൂറ്റാണ്ടുകളുടെ അനുഭവത്തിൽകൂടി ഉരുത്തിരിഞ്ഞതും ഒത്തിരിയേറെ ഋഷിമാരുടേയും സിദ്ധന്മാരുടേയും ശ്രുതിയിലും സ്മൃതിയിലും കൂടി രൂപപ്പെട്ടുവന്നിട്ടുള്ളതുമാണ്. അവയുടെ അന്തഃസത്ത മനസിലാക്കാതെ അവയെ വിലയിരുത്തുവാനോ വിലമതിക്കുവാനോ സാധ്യമല്ല. അതുകൊണ്ട് ഏത് കാർഷിക വികസനചിന്തയും രൂപപ്പെടുത്തുമ്പോൾ പഴമയ്ക്ക് കൊടുക്കേണ്ട സ്ഥാനം കൊടുത്തിരിക്കണമെന്നാണ് ഇൻഫാമിന്റെ അടിസ്ഥാന കാർഷിക വികസനകാഴ്ചപ്പാട്. വായുവും വെള്ളവും മാത്രമേ മനുഷ്യന് വിലകൊടുക്കാതെ കിട്ടുന്ന രണ്ടു പ്രകൃതി വിഭവങ്ങളായി അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. വെള്ളവും വൻകിട കമ്പനിക്കാരന്റെ വ്യവസായ ഉല്പന്നമായി മാറിക്കഴിഞ്ഞു. വെള്ളം നിറയ്ക്കുന്ന കുപ്പികളും അത്യന്തം മാരകമായിത്തീർന്നിരിക്കുകയാണ്. ഫാക്ടറികളിൽ നിന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ തള്ളുന്ന മലിനജലം നദികളെ നശിപ്പിക്കുന്നു. അതിലെ മത്സ്യസമ്പത്തും കുടിവെള്ളവും വലിയ പ്രശ്നമായിതീർന്നിരിക്കുകയാണ്. അന്തകവിത്തുകളുമായി വരുന്ന കുത്തക വിദേശ സ്വദേശ കമ്പനികൾ കൃഷിയുടെ മരണമണി മുഴക്കുന്നു. രാസവളങ്ങളും കീടനാശിനികളും കൃഷിയേയും ഭൂമിയേയും മാത്രമല്ല കൃഷിക്കാരനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിത്തുകളുടെ നിയന്ത്രണം പൂർണ്ണമായും കർഷകനു വേണമെന്നാണ് ഇൻഫാമിന്റെ നിലപാട്. കാർഷിക പുരോഗതി കർഷകന്റ കണ്ടുപിടുത്തങ്ങളിൽ നിന്നാണുണ്ടാകേണ്ടത്. പ്രഗത്ഭരായ കർഷകശാസ്ത്രജ്ഞന്മാരുടെ മണ്ണാണ് കേരളം. കർഷകന്റെ അറിവും ബുദ്ധിയും കഴിവും ശാസ്ത്രത്തിന്റെ പിൻബലത്തോടെ കർമ്മനിരതമാക്കാനുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത്.

ജലം ജീവനാണ്. ജലസംഭരണ സംരക്ഷണ വിനിമയം പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ ഫലപ്രദമാകണം. കാലങ്ങൾ മാറുന്നതിനുസരിച്ച് കുടിവെള്ള പ്രശ്നങ്ങൾ അതിരൂക്ഷമാകുന്നു. കൃഷിക്കാവശ്യമായ വെള്ളസംഭരണത്തിനുള്ള പദ്ധതികളും കാര്യക്ഷമമാകുന്നില്ല. എക്കാലവും നിലനിൽക്കുന്ന കൃഷി ജൈവകൃഷിയാണെന്നതിൽ സംശയമില്ല. ആധുനിക തലമുറയെ ജൈവകൃഷിയുടെ തലങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതികളിൽ വരുംനാളുകളിൽ ഇൻഫാം കൂടുതൽ സജീവമാകുകയാണ്.

ഇന്ത്യൻ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 1940 കളിലെ ഗ്രോമോർ ഫുഡ് പദ്ധതിയും 1950 കളിലെ ഭക്ഷ്യനാണ്യ ഉല്പാദനപദ്ധതിയും 1968 ലെ ഹരിതവിപ്ലവവും കാർഷികമേഖലയ്ക്ക് കൂടുതൽ ഉണർവ്വേകി. എന്നാൽ 1990 കളിലെ ഉദാരവൽക്കരണവും തുടർന്ന് ആഗോളവിപണിയായി രാജ്യത്തെ തുറന്നുകൊടുത്തതും 1995 ൽ ഗാട്ട് കരാറിനെത്തുടർന്ന് ലോകവ്യാപാരസംഘടനയുടെ നിബന്ധനകൾക്ക് വിധേയമായതും ഏറ്റവും വെല്ലുവിളിയുയർത്തിയത് കാർഷികമേഖലയ്ക്കാണ്. 2004 ലെ ആസിയാൻ കരാറും 2009 ൽ ആസിയാൻ രാജ്യങ്ങളുമായുള്ള ചരക്കു ഗതാഗത നിയന്ത്രണം എടുത്തുകളഞ്ഞ് സ്വതന്ത്രവ്യാപാരത്തിലേർപ്പെട്ടതും ഇന്ത്യൻ കാർഷികവിപണിയുടെ തകർച്ചയ്ക്കിടയാക്കി. ഇത്തരം രാജ്യാന്തര കരാറുകളുടെ അനന്തരഫലമാണ് നാമിന്ന് അനുഭവിക്കുന്ന കാർഷികപ്രതിസന്ധിയുടെ മുഖ്യകാരണം.

ആരോഗ്യപൂർണ്ണമായ ഒരു കാർഷിക സംസ്കാരത്തിനുമാത്രമേ നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് ശക്തിപകരുന്ന ആഭ്യന്തര കമ്പോളം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കർഷകരെ മറന്നുള്ള ഉദ്യോഗസ്ഥഭരണ രാഷ്ട്രീയ നേതൃത്വങ്ങളുടെ വികലമായ വികസന അജണ്ടകൾ ഭാരതത്തിന്റെ ഭക്ഷ്യഉല്പാദനത്തിലും ധാന്യഉപഭോഗത്തിലും ഇന്ന് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷ്യസുരക്ഷയെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോഴും zero poverty സ്വപ്നം മാത്രമായി നിലനിൽക്കുന്നു. ഗ്രാമീണ കാർഷിക മേഖലകളിൽ സർക്കാരിന്റെ വികസന ചെലവുകൾ ഗണ്യമായി വെട്ടിച്ചുരുക്കുക മാത്രമല്ല കർഷകരെ രണ്ടാംതരം പൗരന്മാരായി കാണുന്ന മനോഭാവം രൂപപ്പെട്ടിരിക്കുന്നത് നിരാശാജനകമാണ്.

സർക്കാർ സഹായത്തോടെ നടത്തുന്ന കാർഷിക ഗവേഷണങ്ങളുടെ സദ്ഫലങ്ങൾ കർഷകർക്ക് എത്തിക്കുന്നതിലും പ്രായോഗികനടപടികളിലും ഭരണ സംവിധാനങ്ങൾ വിജയിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തപ്പെടണം. ഭക്ഷ്യധാന്യങ്ങളുടെ പൊതുസംഭരണവും, വിതരണവുമിന്ന് കാര്യക്ഷമമല്ല. കർഷകർക്ക് ന്യായവിലയ്ക്കുള്ള ഒരു നിശ്ചിത കമ്പോളം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉല്പാദന വർദ്ധനവിനുള്ള സാഹചര്യവും ഇല്ലാതായിരിക്കുന്നു.

കർഷകർക്കുള്ള വിത്തും, വളവും വൻതോതിൽ വെട്ടിക്കുറച്ചതും, വളം, വൈദ്യുതി തുടങ്ങിയവയ്ക്ക് ഉണ്ടായിരുന്ന സബ്സിഡികൾ നിർത്തലാക്കിയതും, കാര്യക്ഷമമായ ബദൽ സംവിധാനങ്ങളേർപ്പെടുത്താതെ നോട്ടുപിൻവലിച്ചതും, സഹകരണപ്രസ്ഥാനങ്ങൾക്ക് സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും, ഗ്രാമീണ കാർഷികമേഖലയിലെ പ്രതിസന്ധികൾ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നതുകൂടാതെ സ്ഥിരതയുള്ള ഉല്പന്നകമ്പോളവും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.

→

കേന്ദ്രസർക്കാർ ഏർപ്പെടാനൊരുങ്ങുന്ന വിവിധ രാജ്യാന്തര കാർഷിക കരാറുകൾ ആഭ്യന്തര കാർഷികമേഖലയിൽ വരും നാളുകളിൽ കൂടുതൽ വെല്ലുവിളികളുയർത്തും. സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി(ആർസിഇപി)യിലൂടെ ഇന്ത്യയും ചൈനയും ആസിയാൻ രാജ്യങ്ങളുമുൾപ്പെടെ 16 രാജ്യങ്ങൾ ചേർന്നുള്ള ഒറ്റ കമ്പോളം രൂപപ്പെട്ടുവരുന്നു. നികുതിരഹിത ഉറക്കുമതിയാണ് ഈ ഉടമ്പടിയുടെ പ്രധാനലക്ഷ്യം. വാണിജ്യതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കർഷകനേയും കാർഷികമേഖലയേയും ബലികൊടുക്കുന്ന സാഹചര്യം ആശങ്കയുളവാക്കുന്നു. രാജ്യാന്തര കാർഷിക ഉടമ്പടികളിലൂടെ നേരിടാവുന്ന വെല്ലുവിളികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും ബദൽസംവിധാനമൊരുക്കുവാനുമുള്ള പ്രവാചക ദൗത്യം നിർവഹിക്കുവാൻ ഓരോരുത്തരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള കർഷകസമൂഹത്തിൽ ഒരു കൊടുങ്കാറ്റുപോലെ ഒന്നരപതിറ്റാണ്ടുമുമ്പ് ഇൻഫാം ആഞ്ഞടിച്ചപ്പോൾ ജനമിളകി. അധികാര കേന്ദ്രങ്ങൾ ഞെട്ടി. പുത്തൻ കാർഷിക സംസ്കാരത്തിന്റെ നാമ്പുകൾ പൊട്ടിമുളച്ചു. വർഷങ്ങളായുള്ള അതിന്റെ അലയടികൾ ഈ മണ്ണിൽ ഇന്നും നിലനിൽക്കുന്നു. കഴിഞ്ഞ നാളുകളിലെ അനുഭവങ്ങളും നൊമ്പരങ്ങളും നേട്ടങ്ങളും ഉള്ളിലൊതുക്കി കർഷകരുടെ ഉയർത്തെഴുന്നേല്പ്പിനുള്ള അവസരമാണിത്.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള രണ്ടാം കരടുവിജ്ഞാപനത്തിന്റെ കാലാവധി 2017 മാർച്ച് 4 ന് അവസാനിക്കുന്നതിനു മുമ്പായി പശ്ചിമഘട്ടജനതയുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന നെല്ല്, റബർ, തെങ്ങ്, കോഴിവളർത്തൽ, ക്ഷീരോല്പാദനം തുടങ്ങി വിവിധ മേഖലകളിലുള്ള കർഷകരുടെ പ്രശ്നങ്ങളെ സർക്കാരുകൾ നിസ്സാരവൽക്കരിച്ചു കാണുന്നത് വേദനാജനകമാണ്. CRZ നിയമം അടിച്ചേൽപ്പിച്ച് തീരദേശജനതയുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന സാഹചര്യമാണുള്ളത്.

മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളിക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചിലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

നമ്മുടെ യൂണിറ്റുകൾ, രൂപത, ജില്ലാ കമ്മറ്റികൾ കൂടുതൽ സജീവമാക്കണം. മലനാട്ടിലും ഇടനാട്ടിലും തീരദേശത്തുമുള്ള കർഷകപ്രസ്ഥാനങ്ങൾ സംഘടിച്ച് ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങുന്നത് കൂടുതൽ പ്രതീക്ഷയേകുന്നു. കർഷകപ്രസ്ഥാനങ്ങൾ എന്നതിനുപരി കർഷകജനതയുടെ നിലനിൽപിനായി ജനാധിപത്യസംവിധാനത്തിൽ കൂടുതൽ പങ്കാളിത്തമുള്ള തിരുത്തൽ ശക്തിയായി നാം നാളകളിൽ മാറേണ്ടിയിരിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ തളരാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം.

# കിഴക്കൻ സിറിയയിൽ ഐസിസിനെതിരെ പരക്കെ ആക്രമം; നിരവധി പേർ കൊല്ലപ്പെട്ടു

ഡമാസ്കസ്: കിഴക്കൻ സിറിയയിൽ ഐഎസ് അധീനതയിലുള്ള ഹോജ്ന ഗ്രാമത്തിൽ കഴിഞ്ഞ ദിവസമുണ്ടായ വ്യോമാക്രമത്തിൽ പത്തുകുട്ടികൾ ഉൾപ്പെടെ 22 പേർ മരിച്ചു. വ്യോമാക്രമണം നടത്തിയ വിമാനം ഏതു രാജ്യത്തിന്റേതാണെന്നു വ്യക്തമല്ല. ഡെയിർ എസോർ പ്രവിശ്യയിലാണ് ബോംബാക്രമണം ഉണ്ടായ ഗ്രാമം. ഡെയിർ അസോറിലെ ഐഎസ് മേഖലകളിൽ യുഎസ് വിമാനങ്ങൾ നിരവധി തവണ ആക്രമണം നടത്തിയിട്ടുണ്ട്. തുർക്കി, സിറിയ, റഷ്യ എന്നിവയുടെ യുദ്ധവിമാനങ്ങളും ഐഎസ് മേഖലകളിൽ ആക്രമണം നടത്തുക പതിവാണ്. റാഖയിലെ മുതിർന്ന ഐഎസ് കമാൻഡർ അബു ജൻഡാൽ അൽ കുവൈത്തി അമേരിക്കൻ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടു. റാഖയിലെ ആയുധനീക്കങ്ങൾ നിയന്ത്രിച്ചിരുന്നതു അബു ജൻഡാലായിരുന്നു. ജബ്ബാർ ടൗണിൽ അബു ഉൾപ്പെടുന്ന സംഘം സഞ്ചരിച്ച വാഹനത്തിനുനേർക്കാണ് അമേരിക്കൻ യുദ്ധവിമാനങ്ങൾ ആക്രമണം നടത്തിയത്. സിറിയയിലെ പ്രമുഖ നഗരമായ ജബ്ബാറിൽ നിന്ന് ഐഎസ് ഭീകരരെ സിറിയൻ ഡെമോക്രാറ്റിക് സേന പുറത്താക്കിയതിനു മണിക്കൂറുകൾക്കുശേഷമാണ് അബു ജൻഡാൽ കൊല്ലപ്പെടുന്നത്. റാഖയിലേയ്ക്കുള്ള വഴിമധ്യേയായിരുന്നു ആക്രമണം. റാഖയിലേയ്ക്കും വടക്കുകിഴക്കൻ പ്രദേശങ്ങളിലേയ്ക്കുമുള്ള പ്രവേശനകവാടമായാണ് ഐഎസ് ജബ്ബാർ ടൗണിനെ ഉപയോഗിച്ചുവന്നിരുന്നത്.



# ഇറാക്കിൽ ചാവേർ സ്ഫോടനം; 32 മരണം

ബാഗ്ദാദ്: ഷിയാ ഭൂരിപക്ഷമുള്ള തലസ്ഥാന നഗരിയിലെ സദർ സിറ്റിയിൽ ചാവേർ കാർ ബോംബ് സ്ഫോടനത്തിൽ 32 പേർ കൊല്ലപ്പെട്ടു. 67 പേർക്കു പരിക്കേറ്റു. സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഐഎസ് ഏറ്റെടുത്തു. ഷിയാകളെ ലക്ഷ്യമിട്ടായിരുന്നു സ്ഫോടനം. സദർ സിറ്റിയിലെ തിരക്കേറിയ കവലയിൽ ജോലി സംബന്ധമായ ഇന്റർവ്യൂവിനായി ക്യൂ നിവരാണ് മരിച്ചവരിലേറെയും. ഇതിനിടെ വടക്കൻ ബാഗ്ദാദിൽ സൈനികർക്കുനേരെയുണ്ടായ ഐഎസ് ആക്രമണത്തിൽ 16 പേർ കൊല്ലപ്പെട്ടതായും വാർത്താ ഏജൻസി റിപ്പോർട്ടുചെയ്തു.



# ഭിന്നശേഷിയുള്ളവരുടെ സംരക്ഷണം ഉറപ്പാക്കണം: മാർ ജോർജ്ജ് ആലഞ്ചേരി

കൊച്ചി: ഭിന്നശേഷിയുള്ളവരായ നാനാജാതി മതസ്ഥരുടെ സംരക്ഷണത്തിന് സഭ മുന്നിട്ടിറങ്ങുമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി. ജീവകാരുണ്യരംഗത്ത് സജീവമായ 'ലൗ ആന്റ് കെയറി'ന്റെ നേതൃത്വത്തിൽ പാലാരിവട്ടം മദർ തെരേസാ നഗറിൽ സംഘടിപ്പിച്ച ഭിന്നശേഷിയുള്ളവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സായി സമന്വയ പ്രസിഡന്റ് പ്രൊഫ. എൻ.ആർ. മേനോൻ അദ്ധ്യക്ഷനായിരുന്നു.

കാഴ്ച-കേൾവി വൈകല്യമുള്ളവർ, ഓട്ടിസം പോലുള്ള രോഗം ബാധിച്ചവർ, ശാരീരിക ക്ലേശമുള്ളവർ, മാനസിക വൈകല്യം ബാധിച്ചവർ, സംസാരശേഷിയില്ലാത്തവർ, വിധവകൾ, വിഭാര്യർ, കിടപ്പുരോഗികൾ, ട്രാൻസ്ജെൻഡർ, കുടുംബങ്ങളില്ലാതെ ഒറ്റയായി കഴിയുന്നവർ തുടങ്ങി സമൂഹത്തിലെ പലതര ത്തിലുള്ള വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും, ഇവരെ സംരക്ഷിക്കുന്ന വിവിധ കേന്ദ്രങ്ങളുടെ ചുമതലക്കാരുമാണ് വേറിട്ട സന്ദേശവുമായി ഒത്തുചേർന്നത്. ആഘോഷങ്ങൾ ഇവർക്ക് അന്യമായിരുന്നു.



വീടിന്റെയും വിവിധ സംരക്ഷണ കേന്ദ്രങ്ങളുടെയും നാലുചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിക്കൂടിയവർ. സമൂഹത്തിന്റെ വിവിധ മേഖലയിൽ നിന്നുള്ളവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

ലൗ ആന്റ് കെയർ ഡയറക്ടർ സാബു ജോസ് മുഖ്യ പ്രഭാഷണം നടത്തി. സ്നേഹസംഗമം കോ-ഓർഡിനേറ്ററും ഭിശേഷിക്കാരായ രണ്ടു പെൺകുട്ടികളുടെ പിതാവുമായ ബേബി ചിറ്റിലപ്പിള്ളി, കെ.പി. ദിലീപൻ, ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടിയുള്ള സഹജ് സ്കൂൾ ഡയറക്ടർ വിജയരാജ മല്ലിക, സിസ്റ്റർ കൊച്ചുത്രേസ്യ, സിസ്റ്റർ ലിറ്റിൽ തെരേസ, ജെറിൻ ജോസ്, ജോട്ടി കുര്യൻ, സ്റ്റീഫൻ ഫിഗരാദോ, തോമസുകുട്ടി ജോസഫ്, സിസ്റ്റർ സുധയാ, എൽസി സാബു, മിനി ഡേവിസ് തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവച്ചു. അഡ്വ. ജോസ് വിതയത്തിൽ, അഡ്വ. ലിറ്റോ പാലത്തിങ്കൽ, റോജൻ ചാക്കോ, മഹേഷ്, മാർട്ടിൻ ന്യൂനസ്, പീറ്റർ കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. സംഗമത്തിൽ പങ്കെടുക്കാനെത്തിയവർക്ക് സമ്മാനങ്ങളു മായാണ് കർദ്ദിനാൾ മാർ ആലഞ്ചേരി എത്തിയത്. സർക്കാരിന് സമർപ്പിക്കാനുള്ള ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അടങ്ങുന്ന നിവേദനം പ്രൊഫ.എൻ.ആർ. മേനോനും, കെ.പി. ദിലീപനും കർദ്ദിനാളിന് സമർപ്പിച്ചു.

# കൃഷിനാശം, കടക്കെണി: കർഷക ആത്മഹത്യ 42% വർദ്ധിച്ചു

ഇന്ത്യയിൽ കർഷക ആത്മഹത്യ 42% വർദ്ധിച്ചതായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ (എൻസിആർബി). 2014ൽ 5650 കർഷക ആത്മഹത്യകളാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ 2015ൽ അത് 8007 ആയി ഉയർന്നു. 38.7 ശതമാനത്തിനും കാരണം കട



ക്കെണിയാണ്. കൃഷിനാശവും മറ്റുമാണ് 19.5 ശതമാനത്തിന് വഴിയൊരുക്കിയത്. കറൻസി അസാധുവാക്കൽ ഉൾപ്പെടെയുള്ള നടപടികൾമൂലം ജീവിതം അവസാനിപ്പിച്ച കൃഷിക്കാരുൾപ്പെടെ 2016ൽ എണ്ണം കൂടാനാണ് സാധ്യത.

മഹാരാഷ്ട്രയിലാണ് കൂടുതൽ കർഷക ആത്മഹത്യകൾ. 2015ൽ 3030 പേർ ആത്മഹത്യ ചെയ്തു. തെലങ്കാനയിൽ 1358ഉം കർണ്ണാടകത്തിൽ 1197ഉം ഛത്തീസ്ഗഡിൽ 854ഉം മധ്യപ്രദേശിൽ 581ഉം ആന്ധ്രയിൽ 516ഉം പഞ്ചാബിൽ 100ഉം അസമിൽ 84ഉം ഹരിയാനയിൽ 28ഉം കർഷകർ ജീവനൊടുക്കി. കേരളത്തിൽ 2015ൽ മൂന്ന് ആത്മഹത്യകളുണ്ടായി. ബീഹാർ, ബംഗാൾ, ഗോവ, ഹിമാചൽ, ജമ്മു-കാശ്മീർ, ജാർഖണ്ഡ്, മിസോറം, നാഗാലാൻഡ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ 2015ൽ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

മോശം കാലവർഷത്തെത്തുടർന്ന് കൃഷി മോശമായതാണ് ആത്മഹത്യ വർദ്ധിക്കാൻ കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നു. മഴക്കുറവ് കൃഷിനാശത്തിലേയ്ക്കും കടക്കെണിയിലേയ്ക്കും കർഷകരെ എത്തിച്ചു. 3097 കർഷകർ കടക്കെണിയെത്തുടർന്ന് ജീവിതം അവസാനിപ്പിച്ചു. കൃഷിനാശത്തെത്തുടർന്ന് 1562 പേരാണ് ജീവനൊടുക്കിയത്. നിരവധി ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാതെ പോകുന്നുണ്ട്. 2015ൽ ഒഡീഷയിൽ 23 കർഷകർ ആത്മഹത്യ ചെയ്തെന്നാണ് കണക്ക്. എന്നാൽ സംസ്ഥാന കൃഷിമന്ത്രി നിയമസഭയിൽവെച്ച കണക്കിൽ അത് 139 ആണ്. രണ്ടുവർഷത്തെ വരൾച്ചയ്ക്കുശേഷം നല്ല മഴ കിട്ടിയ സമയത്ത് വിത്തുവാങ്ങാൻ പഴയനോട്ട് ഉപയോഗിക്കാനാകാത്തത് കർഷകർക്ക് ഇരുട്ടടിയായി.

കർഷകത്തൊഴിലാളികളുടെ ആത്മഹത്യാകണക്കും എൻസിആർബി പുറത്തുവിട്ടു. 4595 കർഷകത്തൊഴിലാളികൾ 2015ൽ ആത്മഹത്യചെയ്തു. 2014ൽ 6710 ആത്മഹത്യയാണ് റിപ്പോർട്ട് ചെയ്തത്. ഏറ്റവുമധികം കർഷകത്തൊഴിലാളികൾ ആത്മഹത്യ ചെയ്തതും മഹാരാഷ്ട്രയിലാണ്, 1261 പേർ. മധ്യപ്രദേശിൽ 709ഉം തമിഴ്നാട്ടിൽ 604ഉം കർഷകത്തൊഴിലാളികൾ ആത്മഹത്യ ചെയ്തു. എന്നാൽ 40.1 ശതമാനം ആത്മഹത്യകളും കുടുംബപ്രശ്നങ്ങളെത്തുടർന്നാണ്. അസുഖങ്ങൾ കാരണമാണ് 19 ശതമാനം ആത്മഹത്യകൾ. കടക്കെണിയിൽപ്പെട്ട് 2.2 ശതമാനവും ദാരിദ്ര്യത്തെത്തുടർന്ന് 3.9 ശതമാനവും റിപ്പോർട്ട് ചെയ്യപ്പെട്ടു.

# ഫാ.ടോം ഉഴുന്നാലിന്റെ മോചനം: പ്രാർത്ഥനയോടെ കേരള ക്രൈസ്തവർ



കൊച്ചി: തിരുമണിക്കൂറിൽ തിരുവൾത്താരയ്ക്കു മുമ്പിൽ പ്രാർത്ഥനയോടെ കൂപ്പിയ കരങ്ങൾക്കും ഉയർന്ന അർത്ഥനകൾക്കും ഒരേ ഭാഷ, ഒരേ താളം. പ്രിയപ്പെട്ട ടോം ഉഴുന്നാലിലച്ചന്റെ മോചനം. പ്രേഷിതഭൂമിയിലെ സമർപ്പിത ശുശ്രൂഷയ്ക്കിടെ ഭീകരർ ബന്ധിയാക്കിയ ഫാ.ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി കേരളം മുഴുവൻ പ്രാർത്ഥനയോടെ പുതുവത്സരദിനത്തിൽ കൈകൾ കൂപ്പി. സകലത്തിന്റെയും വിമോചകനായ ദൈവം ഫാ.ഉഴുന്നാലിലിന്റെ മോചനം സാധ്യമാക്കുമെന്ന വിശ്വാസത്തോടെയുള്ള പ്രാർത്ഥനകളിൽ കേരളസഭയിലെ മെത്രാപ്പോലീത്താമാർ മുതൽ കുഞ്ഞുങ്ങൾ വരെ മനസും കരങ്ങളും കോർത്തു.

ഫാ.ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി പുതുവത്സരദിനം പ്രാർത്ഥനാദിനമായി കേരളമെങ്ങും ആചരിച്ചു. തിരുമണിക്കൂർ ആരാധന, സമൂഹപ്രാർത്ഥനകൾ, കരുണയുടെ ജപമാല എന്നിവയെല്ലാം ദൈവാലയങ്ങളിൽ നടന്നു. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ദൈവാലയങ്ങളോടുചേർന്ന് പ്രാർത്ഥനായജ്ഞങ്ങൾ സംഘടിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് കേന്ദ്രസമിതിയുടെയും എറണാകുളം-അങ്കമാലി അതിരൂപത സമിതിയുടെയും നേതൃത്വത്തിൽ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നടന്ന പ്രാർത്ഥനായജ്ഞം സീറോ മലബാർ സഭ മേർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണു നയിച്ചത്.

ഫാ.ടോമിന്റെ മോചനം യാഥാർഥ്യമാകുംവരെ അതിനായുള്ള തീക്ഷ്ണമായ നമ്മുടെ പ്രാർത്ഥനകൾ തുടരേണ്ടതുണ്ടെന്ന് കർദിനാൾ ആമുഖസന്ദേശത്തിൽ ഓർമ്മിപ്പിച്ചു. അച്ചന്റെ മോചനവിഷയത്തിൽ അന്താരാഷ്ട്രസമൂഹം നിസഹായമാകുന്നപോലെയാണു നാം കാണുന്നത്. മറ്റുള്ളവർക്കായി ജീവിതം സമർപ്പിച്ച ഒരു വൈദികൻ ദുഃഖിക്കുമ്പോൾ ക്രൈസ്തവസമൂഹം മുഴുവൻ അദ്ദേഹത്തിനായി ശബ്ദമുയർത്തേണ്ടതായിട്ടുണ്ട്. ഫാ.ടോം അനുഭവിക്കുന്ന യാതനകൾ ലോകം മുഴുവനിലുമുള്ള മനുഷ്യരുടെ ചിന്തകളെ അസ്വസ്ഥപ്പെടുത്തേണ്ടതുണ്ട്. ഈ ദുഃഖം ലോകം മുഴുവൻ ഏറ്റെടുക്കേണ്ടതുണ്ട്. യമനിലും സിറിയയിലും ഫ്രാൻസിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലുമെല്ലാം വിശ്വാസം മുറുകെപ്പിടിക്കുന്നവർ പീഢിപ്പിക്കപ്പെടുന്ന അനുഭവങ്ങൾ ആവർത്തിക്കുന്നു. മതമൗലികവാദം ഒരു മതത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുത്. എല്ലാ മതങ്ങളുടെയും നന്മയും മൂല്യങ്ങളും ആദരിക്കപ്പെടണം. ഫാ.ടോമിന്റെ മോചനത്തിനായി പ്രയത്നിക്കുന്നവർക്കു കാര്യക്ഷമമായ നയതന്ത്ര ഇടപെടലുകൾക്കു സാധിക്കാനും നാം പ്രാർത്ഥിക്കേണ്ടതുണ്ടെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഓർമ്മിപ്പിച്ചു.

# ഫാ.ടോം ഉഴുന്നാലിലിന്റെ മോചനം സാധ്യമാക്കാൻ പ്രധാനമന്ത്രി നേരിട്ട് ഇടപെടണമെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ




കോട്ടയം: ഏദനിൽനിന്നു ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ.ടോം ഉഴുന്നാലിലിന്റെ മോചനം സാധ്യമാക്കാൻ പ്രധാനമന്ത്രി നേരിട്ട് ഇടപെടണമെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കോട്ടയം ഗാന്ധി പ്രതിമയ്ക്കു മുന്നിൽ നടന്ന സർവ്വമതപ്രാർത്ഥനായജ്ഞം ഉദ്ഘാടനം ചെയ്തുകൊണ്ട് കുട്ടനാട് വികസനസമിതി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.തോമസ് പീലിയാനിക്കൽ ആവശ്യപ്പെട്ടു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫാ.ടോമിന്റെ മോചനത്തെ ഗൗരവമായി കണ്ട് ഉചിതമായ നടപടിയെടുത്ത് മോചനം ഉടൻ സാധ്യമാക്കണമെന്ന് അധ്യക്ഷതവഹിച്ച കാത്തലിക് ഫെഡറേഷൻ ദേശീയ പ്രസിഡന്റ് പിപി ജോസഫ് ആവശ്യപ്പെട്ടു.

# ഫാ.ടോമിന്റെ മോചനത്തിനു ശ്രമം തുടരുകയാണെന്ന് അറേബ്യൻ വികാരിയാത്ത്

മസ്ക്കറ്റ്: യെമനിൽ നിന്നു തട്ടിക്കൊണ്ടുപോയ ഫാ.ടോം ഉഴുന്നാലിന്റെ മോചനം യാഥാർത്ഥ്യമാക്കാൻ അറേബ്യൻ വികാരിയാത്ത് നിരന്തരമായി പരിശ്രമിച്ചുവരികയാണെന്ന് ബിഷപ് ഡോ.പോൾ ഹിൻഡർ. അബുദാബി ആസ്ഥാനമായുള്ള ദക്ഷിണ അറേബ്യൻ വികാരിയാത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിശദീകരണ കുറിപ്പിലാണ് ഇക്കാര്യമുള്ളത്. സുരക്ഷിതമോചനത്തിനായുള്ള ചർച്ചകൾക്കു ബിഷപ് പോൾ ഹിൻഡർ തന്നെയാണ് നേതൃത്വം നൽകുന്നത്. അച്ചന്റെ മോചനത്തിനും യെമനിലുള്ളവരുടെ സുരക്ഷയ്ക്കുമായി വികാരിയാത്തിലെ പള്ളികളിൽ നിരന്തരമായി പ്രാർത്ഥിക്കാൻ ബിഷപ് കഴിഞ്ഞ ദിവസം ആഹ്വാനം ചെയ്തിരുന്നു. അബുദാബി സെന്റ് ജോസഫ്സ് കത്തീഡ്രലിലെ ക്രിസ്മസ് തിരുക്കർമ്മങ്ങളിൽ ആയിരങ്ങളാണ് ഫാ.ടോമിനുവേണ്ടി പ്രാർത്ഥിച്ചതെന്നും വിശദീകരണകുറിപ്പിൽ പറയുന്നു.



Dr. P.M. Chacko
Palakunnel
Mob: 9746085144

# "എനിക്കു ജീവിക്കണം പക്ഷേ, പറ്റുന്നില്ല"

ടീന ഡിഗ്രി ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്. കുറെ നാളായി കടുത്ത മാനസിക അസ്വാസ്ഥ്യം അനുഭവിക്കുന്നു. എല്ലാവരോടും ദേഷ്യമാണ്. ഞാൻ മരിക്കും എന്ന് ഇടയ്ക്കിടെ പറയുന്നുണ്ട്. കഴിഞ്ഞ ദിവസം കോപം വർദ്ധിച്ചപ്പോൾ പിതാവിനെ കഠിനമായി ദേഹോപദ്രവം ചെയ്തു. കയ്യിൽ കിട്ടിയതൊക്കെ വലിച്ചെറിയുകയും ടിവി കസേരയെടുത്തെറിഞ്ഞ് പൊട്ടിക്കാൻ ശ്രമിക്കുകയും ചെയ്തു. ആരോടും അധികമായി സംസാരിക്കാതെ മുറിയ്ക്കകത്തു കയറി കിടക്കും. വിശക്കുമ്പോൾ ഒന്നും മിണ്ടാതെ വന്നിരുന്ന് ഭക്ഷം കഴിക്കും. അമ്മയോട് അല്പമെങ്കിലും മിണ്ടും, പിതാവിനോട് ഒട്ടും സംസാരിക്കുകയില്ല. പുറത്തിറങ്ങിയാൽ യാതൊരു സ്വഭാവമാറ്റവുമില്ല. കൂട്ടുകാരികളുമായി അടുപ്പമുണ്ടെങ്കിലും ആരുമായും ആത്മബന്ധമില്ല. കൂട്ടുകൂടി കുറച്ചുകഴിഞ്ഞ് കാരണമൊന്നുമില്ലാതെതന്നെ അകന്നുപോകും. പുതിയ ആളുകളുമായി പരിചയപ്പെടാനും ആശയവിനിമയം നടത്താനും വളരെയധികം വിമുഖത കാണിക്കുന്നു. കൗൺസലിംഗിന് മാതാപിതാക്കൾക്കൊപ്പമിരുന്നപ്പോൾ വലിയ ഗൗരവമായിരുന്നു. മാതാപിതാക്കൾ പറയുന്നതിനെയൊക്കെ ഇടയ്ക്കുകയറി ചോദ്യം ചെയ്യുകയും മിണ്ടാതിരിക്കുവാൻ പറഞ്ഞ് അവരെ ശാസിക്കുകയും ചെയ്തുകൊണ്ടിരുന്നു. ടീനയോട് സംസാരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ എനിക്ക് ഇനിയും അവരോട് സംസാരിക്കുവാൻ താല്പര്യമില്ല, വളരെയധികം കൗൺസിലർമാരോടും ഡോക്ടേഴ്സിനോടും സംസാരിച്ച് വെറുതെ സമയം കളഞ്ഞു. ഞാൻ ഒന്നും പറയത്തില്ല, വേണേൽ ഹിപ്നോട്ടൈസ് ചെയ്ത് മനസിലാക്കിക്കോ എന്ന് നിഷേധഭാവത്തിൽ പറഞ്ഞു. എനിക്ക് കൗൺസിലിംഗിൽ ഒട്ടും താല്പര്യമില്ല. സൈക്കോതെറാപ്പി വല്ലതും ചെയ്യാനുണ്ടെങ്കിൽ ചെയ്തോ ഞാനിരുന്നു തരാം. കാരണം എനിക്കു രക്ഷപെടണമെന്നുണ്ട്, പറ്റുന്നില്ല എന്നതുതന്നെ.

മാതാവ് ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥയാണ്. നല്ല പ്രതിമാസ ശമ്പളം ഉള്ള ആളാണ്. അവരുടെ ശമ്പളം പിതാവ് കൃത്യമായി കണക്കുചോദിച്ച് എല്ലാ മാസവും വാങ്ങും. ചിലവുകൾ ഒക്കെ അതിൽ നിന്ന് എടുത്താണ് നടത്തുക. പിതാവും സർക്കാർ ഉദ്യോഗസ്ഥനാണ്. എത്ര ശമ്പളം ഉണ്ടെന്നുപോലും ഭാര്യയോട് പറയുകയില്ല. കൂടാതെ റിയൽ എസ്റ്റേറ്റ് ബിസിനസും നടത്തുന്നുണ്ട്. അതിൽ നിന്നും നല്ല വരുമാനമുണ്ടെന്നാണറിവ്. പക്ഷേ അതൊക്കെ എന്തു ചെയ്യുന്നുവെന്ന് യാതൊരറിവുമില്ല. വളരെ കാർക്കശ്യ സ്വഭാവക്കാരൻ. ഭാര്യയോടും മക്കളോടും നിർദ്ദയമായി പെരുമാറും. കൺസ്യൂമർ കോടതികളിൽ സ്ഥിരം പരാതിക്കാരൻ. യൂണിയൻ നേതാവായതുകൊണ്ട് സഹപ്രവർത്തകർക്കുവേണ്ടി കേസ് നടത്തലും മറ്റുള്ള വരുമായി വഴക്കടിക്കലും പതിവാണ്. അവരുടെ പ്രശ്നം ചാടിക്കയറി ഏറ്റെടുക്കും. ആരോടെങ്കിലും പിണങ്ങിയാൽ അവരെ നശിപ്പിച്ചിട്ടേ പിൻതിരിയുകയുള്ളൂ. ഈയിടെ ഭാര്യയുടെ സഹോദരന്റെ ഒരു നല്ല പഴയ കാർ വിൽക്കാനുണ്ടായിരുന്നത് അയാൾ തനിക്കുവേണമെന്ന് ആവശ്യപ്പെട്ടു. കൊടുക്കാമെന്ന് പറയുകയും ചെയ്തു. അതിനടുത്ത ദിവസം ഒന്നിച്ചിരുന്ന് മദ്യപിച്ച് അവർ തമ്മിൽ പിണങ്ങി. വീട്ടിൽ വന്ന് ഫോണെടുത്ത് ഭാര്യാസഹോദരനെ രാത്രി മുഴുവൻ ചീത്ത പറഞ്ഞു. വഴിയിൽ കണ്ടാൽ തല്ല് തരുമെന്നും ഭീഷണിപ്പെടുത്തി. ദേഷ്യം വന്ന ഭാര്യാസഹോദരൻ ഇയാളോട് പറയാതെ കാർ മറ്റൊരാൾക്ക് വിറ്റു. ഇതറിഞ്ഞ് കുപിതനായ അയാൾ ഭാര്യവീട്ടിൽ നിന്ന് സ്വത്തിന്റെ ഓഹരി കിട്ടിയില്ലെന്ന് പറഞ്ഞ് കേസ് കൊടുത്തു. ഭാര്യാസഹോദരങ്ങളുമായി പിണക്കത്തിലായി. വിവാഹം കഴിച്ചപ്പോൾ മാന്യമായി പണവും ആഭരണങ്ങളും കൊടുത്തിരുന്നു. പിന്നീട് വീതമൊന്നുമുണ്ടാകുകയില്ല എന്ന് ഭാര്യാപിതാവ് വ്യക്തമായി പറഞ്ഞിരുന്നതുമാണ്. അതു കൂടാതെ ഭാര്യയ്ക്ക് നല്ല ശമ്പളമുള്ളതുകൊണ്ട് സാമ്പത്തികമായി ഒരു അവകാശത്തിനും അർഹതയുമില്ലായിരുന്നു. അയാളോട് ചോദിച്ചപ്പോൾ പണം വേണ്ടിയിട്ടല്ല, എന്നോട് വഴക്കടിച്ചവനെ ഒരു പാഠം പഠിപ്പിക്കാനാണ് കേസ് കൊടുത്തതെന്നാണ് പറഞ്ഞത്. ഒടുങ്ങാത്ത പകയാണ് തന്നോട് എതിർക്കുന്നവരോട് അയാൾ വച്ചുപുലർത്തുക. ദേഷ്യം വരു

→

മ്പോൾ ഭാര്യയേയും മക്കളേയും നിർദ്ദയം മർദ്ദിക്കും.

അയാൾ ഒരു ക്ലബിലെ മെമ്പറാണ്. നന്നായി പ്രസംഗിക്കുകയും പ്രവർത്തനങ്ങളൊക്കെ ഭംഗിയായി ആസൂത്രണം ചെയ്യുകയും ചെയ്യുന്നതുകൊണ്ട് അയാളെ ഭാരവാഹിയാക്കി. ഈ സമയത്താണ് ക്ലബ് ഹാൾ പുതുക്കിപ്പണിയാൻ പദ്ധതി തയ്യാറാക്കിയത്. അയാൾ അയാളുടെ സുഹൃത്തായ ഒരു കോൺട്രാക്ടറെക്കൊണ്ട് പണിയിക്കാൻവേണ്ടി പ്ലാൻ തയ്യാറാക്കിച്ചു അവതരിപ്പിച്ചു. അവസാന നിമിഷം ആ പ്ലാൻ മാറ്റുകയും മറ്റൊരു കോൺട്രാക്ടറുടെ മറ്റൊരു പ്ലാൻ സ്വീകരിക്കുകയും ചെയ്തു. ഇതിൽ കുപിതനായ അയാൾ ക്ലബിൽ മദ്യം വിൽക്കുന്നുണ്ടെന്ന് അധികൃതർക്ക് പരാതിപ്പെട്ടു. ക്ലബ് നടത്തിപ്പിൽ കള്ളത്തരമുണ്ടെന്ന് പറഞ്ഞ് പോലീസിലും പഞ്ചായത്തിലുമൊക്കെ പരാതി നൽകി. പുതിയ കോൺട്രാക്ടറെ കൊണ്ടുവന്നയാളെ പലതിലും മുഖ്യപ്രതിയുമാക്കി. വാശിയോടെ സ്വന്തം പണം മുടക്കി കേസ് നടത്തുകയും ചെയ്തു. ഇതെപ്പറ്റി ഭാര്യയോടും മക്കളോടും പറഞ്ഞപ്പോൾ അവർ കേസിൽ നിന്ന് പിൻമാറാൻ നിർദ്ദേശിക്കുകയും അവരെയും ചീത്ത പറയുകയും ചെയ്തു.

ഭാര്യയും മക്കളും തന്നോട് വിശ്വസ്തരല്ലെന്നും അവരെ ചിലപ്പോൾ ഉപേക്ഷിക്കേണ്ടിവരുമെന്നും പലരോടും പറയുന്നതായി അറിഞ്ഞു. ജോലി സ്ഥലത്ത് എല്ലാവർക്കും പ്രിയങ്കരിയാണ് ഭാര്യ. ഭാര്യയുമായി സംസാരിച്ചപ്പോൾ യാതൊരു സ്വാതന്ത്ര്യവും അവർക്കില്ലെന്ന് മനസ്സിലായി. എന്തു കാര്യം പറഞ്ഞാലും അത് അയാൾക്കെതിരായിട്ടാണെന്നു കരുത് വഴക്കടിക്കും. മകൻ പറയുന്നത് അപ്പൻ മാനസിക രോഗിയാണെന്നാണ്. ഇതിനിടയിൽ ജീവിക്കുന്ന ആ സ്ത്രീ കഠിനമായ വേദനയനുഭവിക്കുകയാണ്. അയാളുടെ പിതാവിനെപ്പറ്റി ഭാര്യയോട് ചോദിച്ചപ്പോൾ പിതാവിനും ഏതാണ്ട് ഇതേപോലെ സ്വഭാവമായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ചെറുപ്പത്തിലെ അയാളുടെ അമ്മ മരിച്ചുപോയിരുന്നെന്നും രണ്ടാനമ്മയുടെ കീഴിൽ അയാൾ വലിയ വിഷമങ്ങൾ അനുഭവിച്ചിരുന്നുവെന്നും മനസ്സിലായി.

ഒരു അമ്മയും കുഞ്ഞും മുഖാമുഖം ഇരിക്കുമ്പോൾ കുഞ്ഞ് മതിമറന്ന് പുഞ്ചിരിക്കുകയും അതേ പ്രതികരണം തന്നെ അമ്മയിൽ നിന്ന് ഉണ്ടാകുകയും ചെയ്യുകയാണെങ്കിൽ രണ്ടുപേരും തമ്മിൽ ഹൃദ്യമായ ഒരു ബന്ധമുണ്ടെന്ന് നമുക്ക് മനസിലാകും. സുദൃഢമായ ഈ ബന്ധത്തിനൊപ്പം ജീവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ പ്രയോജനങ്ങളും കുഞ്ഞിന് ലഭിക്കുന്നു. ഇത്തരം തടസ്സമില്ലാത്ത മാതാപിതാക്കളോടുള്ള ബന്ധവുമായി വളരുന്ന കുട്ടികൾ മറ്റുള്ളവരോട് ഭയമോ ആശങ്കയോ പ്രതിരോധഭാവമോ സംശയമോ ഇല്ലാതെ ഇടപെടുന്നതും നിഷ്പ്രയാസം ബന്ധങ്ങൾ സ്ഥാപിക്കുന്നതും നിലനിർത്തുന്നതും ചെയ്യുന്നത് കാണുവാൻ സാധിക്കും. എന്നാൽ ചെറുപ്പത്തിൽ ഇത്തരം ഒരു ബന്ധത്തിനു പകരം അവഗണനയും പീഡനവുമൊക്കെ അനുഭവിക്കേണ്ടി വന്നിട്ടുള്ളതെങ്കിൽ ഇത്തരത്തിൽ നിന്നുള്ള ബന്ധതയിൽ നിന്നുള്ള മുറിവ് (attachment trauma) വേദനാജനകമായ വികാരങ്ങൾ ഉള്ളിൽ ജനിപ്പിക്കും. പകരം നല്ല സ്നേഹമുള്ള മുതിർന്ന ഒരാളിൽ നിന്ന് അവസരോചിതമായി സ്നേഹവും സംരക്ഷണവും ലഭിച്ചാൽ അവൻ ബന്ധങ്ങൾ ആരോഗ്യപരമായി സ്ഥാപിക്കാൻ പഠിക്കുകയും പക്വമായി വളരുകയും ചെയ്യും. എന്നാൽ ഇത്തരമൊരു സ്നേഹം നിഷേധിക്കപ്പെട്ടാൽ ആവന് ആരുമായിട്ട് അടുക്കേണ്ടതായി വന്നാലും അസ്വസ്ഥതയും ഭയവും അനുഭവപ്പെടും. ഈ നഷ്ടത്തിന്റെ വേദന തനിക്ക് സ്നേഹം നിഷേധിച്ചവരുടെ നേർക്ക് ക്രോധവും പ്രതികാരബോധവും മനസ്സിൽ ജനിപ്പിക്കും. അവന്റെ കോപവും വൈരാഗ്യവും അവന് അസ്വസ്ഥത ജനിപ്പിക്കുന്നതുകൊണ്ട് അവയെ അബോധമനസ്സിൽ കുഴിച്ചുമൂടുന്നു. ഇതിന്റെ ഫലമായി മാതാപിതാക്കളോട് അമിതകോപവും ചിലപ്പോൾ പ്രതികാരബോധവും ഉണ്ടായി അവരെ കൊല്ലാൻവരെ ആഗ്രഹിക്കുകയും ചിലപ്പോൾ ഉപദ്രവിക്കുകയും ചെയ്തേക്കാം. എന്നാൽ ഇത് കഴിയുമ്പോൾ അതോർത്ത് ദുഃഖവും വിഷമവുമൊക്കെ അനുഭവപ്പെടുകയും ചിലപ്പോൾ ക്ഷമ ചോദിക്കുകയും ചെയ്യും. അതുകൊണ്ട് സ്വന്തം വികാരങ്ങളെത്തന്നെ ഭയപ്പെടുന്ന അവർ ബന്ധങ്ങളെയെല്ലാം സംശയത്തോടെ കാണുകയും ബന്ധങ്ങളിൽ അസ്വസ്ഥരാകുകയും ചെയ്യും. ഇങ്ങനെയുള്ളവർ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിൽ പരാജയപ്പെടും. സ്വയം നശിപ്പിക്കൽ (മദ്യപാനം, മയക്കുമരുന്നുപയോഗം, ആത്മഹത്യാപ്രവണത), ശാരീരിക രോഗങ്ങൾ, ഡിപ്രഷൻ, ആകാംക്ഷരോഗം, ഭക്ഷണസംബന്ധമായ പ്രശ്നങ്ങൾ ഇവയ്ക്ക് അടിമകളായിത്തീരാം. എത്ര കൂടുതൽ ചെറുപ്പത്തിലാണോ മുറിപ്പെടുത്തുന്ന അനുഭവമുണ്ടായത് അത്രത്തോളം ആഴത്തിലായിരിക്കും സ്വയം നശിപ്പിക്കലും പ്രതിരോധസ്വഭാവവും പ്രകടമാകുക. ഒരു രക്ഷകർത്താവ് കുട്ടിയോട് വേണ്ടതുപോലെ പ്രതികരിച്ചില്ലെങ്കിൽ കുട്ടിയുടെ ബന്ധത്തിനുള്ള ആഗ്രഹം (attachment longing) സഫലീകരിക്കപ്പെടാതെ നിരാശയിലായിപ്പോകും. ഇങ്ങനെയുള്ള കുട്ടികൾ പെട്ടെന്ന് കോപിക്കുകയും ദുഃഖിക്കുകയും പൊട്ടിത്തെറിക്കുകയും നിരാശരാകുകയും ഒക്കെ ചെയ്യുന്ന ഇളംസ്വഭാവക്കാരായി മാറും. ഇവരിൽ ബോർഡർ ലൈൻ പേഴ്സണാലിറ്റിയും രൂപവൽകൃതമായേക്കാം. അവർ പ്രാകൃത പ്രതിരോധരീതികൾ അവലംബിക്കാൻ ഇടയാകുന്നതുമൂലം സമഗ്രമായ ഒരു സന്തുലിത മനസ്സ് രൂപീകരിക്കാൻ സാധിക്കാത്തവരായി മാറുന്നു. പലതരത്തിലുള്ള സ്വഭാവൈകല്യങ്ങളും ശാരീരിക മാനസിക രോഗങ്ങളും ഒക്കെയായി ഇവയുടെ പരിണതഫലങ്ങൾ പ്രകടമാകുകയും ചെയ്യും.

ടൈം ലൈൻ തെറാപ്പിയിലൂടെ പൂർവ്വകാലജീവിതത്തിന്റെ സമഗ്രമായ വികാരമോചനം പിതാവിനും മകൾക്കും നൽകുകവഴി വിഷമത്തിൽ നിന്ന് രണ്ടുപേരും ക്രമേണ മോചനം നേടുവാൻ ഇടയായി.

**ഒരു അമ്മയും കുഞ്ഞും മുഖാമുഖം ഇരിക്കുമ്പോൾ കുഞ്ഞ് മതിമറന്ന് പുഞ്ചിരിക്കുകയും അതേ പ്രതികരണം തന്നെ അമ്മയിൽ നിന്ന് ഉണ്ടാകുകയും ചെയ്യുകയാണെങ്കിൽ രണ്ടുപേരും തമ്മിൽ ഹൃദ്യമായ ഒരു ബന്ധമുണ്ടെന്ന് നമുക്ക് മനസിലാകും. സുദൃഢമായ ഈ ബന്ധത്തിനൊപ്പം ജീവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ പ്രയോജനങ്ങളും കുഞ്ഞിന് ലഭിക്കുന്നു. ഇത്തരം തടസ്സമില്ലാത്ത മാതാപിതാക്കളോടുള്ള ബന്ധവുമായി വളരുന്ന കുട്ടികൾ മറ്റുള്ളവരോട് ഭയമോ ആശങ്കയോ പ്രതിരോധഭാവമോ സംശയമോ ഇല്ലാതെ ഇടപെടുന്നതും നിഷ്പ്രയാസം ബന്ധങ്ങൾ സ്ഥാപിക്കുന്നതും നിലനിർത്തുന്നതും ചെയ്യുന്നത് കാണുവാൻ സാധിക്കും. എന്നാൽ ചെറുപ്പത്തിൽ ഇത്തരം ഒരു ബന്ധത്തിനു പകരം അവഗണനയും പീഡനവുമൊക്കെ അനുഭവിക്കേണ്ടി വന്നിട്ടുള്ളതെങ്കിൽ ഇത്തരത്തിൽ നിന്നുള്ള ബന്ധതയിൽ നിന്നുള്ള മുറിവ് (attachment trauma) വേദനാജനകമായ വികാരങ്ങൾ ഉള്ളിൽ ജനിപ്പിക്കും.**

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## 69 സാമൂഹ്യസമ്പർക്കങ്ങളെ സംബന്ധിക്കുന്ന ഡിക്രി

**ഗവൺമെന്റ്**–പൊതുനന്മയ്ക്കുവേണ്ടിയാണല്ലോ ഇത്തരം സമ്പർക്ക മാധ്യമങ്ങൾ ഉദ്ദിഷ്ടമായിരിക്കുന്നത്. അതുകൊണ്ട് സർക്കാരധികാരികൾക്ക് ഇക്കാര്യത്തിൽ പ്രത്യേക ചുമതലകളുണ്ട്. ആശയവിനിമയത്തിന്റെ കാര്യത്തിൽ യഥാർത്ഥവും നീതിപൂർവ്വവുമായ സ്വാതന്ത്ര്യം സംരക്ഷിക്കാൻ ഗവൺമെന്റ് സ്വദൗത്യത്താൽത്തന്നെ കടപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ഇന്നത്തെ സാമുദായിക സുസ്ഥിതിക്ക് അത്യന്താപേക്ഷിതമാണ് പ്രത്യേകിച്ച് പ്രസിദ്ധീകരണത്തിന്റെ കാര്യത്തിൽ. മതത്തിനും സംസ്കാരത്തിനും സുന്ദരകലകൾക്കും വേണ്ട എല്ലാ ആനുകൂല്യങ്ങളും സർക്കാർ ചെയ്തുകൊടുക്കേണ്ടതാണ്. ഈ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ നിയമം അനുവദിക്കുന്ന അവകാശങ്ങൾ അനുഭവിക്കാൻ അന്യൂനമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇവ എല്ലാ മനുഷ്യർക്കും ഉപകരിക്കുന്നവയാണ്, പ്രത്യേകിച്ച് യുവജനങ്ങൾക്ക്. എങ്കിലും ഗവണ്മെന്റിന്റെ സഹായം കൂടാതെ ഇത്തരം ഉദ്യമങ്ങൾ ആരംഭിക്കാൻ പ്രയാസമാണ്. അതുകൊണ്ട് ഗവണ്മെന്റ് ഇക്കാര്യത്തിൽ വേണ്ട സഹായം ചെയ്യണം.

പൗരന്മാരുടെ ഭൗതികക്ഷേമം വേണ്ടത്ര പരിഗണിക്കുന്നതുപോലെ തന്നെ ആശയവിനിമയ മാർഗ്ഗങ്ങളുടെ തെറ്റായ ഉപയോഗം മൂലം സന്മാർഗ്ഗത്തിനും സമുദായോല്കർഷത്തിനും ഗൗരവതരമായ ഇടിവുണ്ടാകാതിരിക്കാൻവേണ്ടി നീതിപൂർവ്വമായും ജാഗ്രതയോടുകൂടിയും ശ്രദ്ധിക്കാനുള്ള അധികാരം ഭരണകൂടത്തിനുണ്ട്. ഇതിനായി നിയമങ്ങൾ നിർമ്മിക്കുകയും കൃത്യമായി നടപ്പാക്കുകയും ചെയ്യേണ്ടിവരും. ഇങ്ങനെയുള്ള നിഷ്കർഷ വ്യക്തിയുടെയോ സമൂഹത്തിന്റെയോ സ്വാതന്ത്ര്യത്തിനൊരുവിധത്തിലും വിഘാതമാകുകയില്ല. ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്ന ജോലി ഭരമേറ്റിരിക്കുന്നവർ വേണ്ടത്ര ജാഗ്രതയില്ലാത്തവരാണെങ്കിൽ സർക്കാരിന്റെ ഭാഗത്ത് കൂടുതൽ നിഷ്കർഷ ആവശ്യമായിത്തീരും.

യുവാക്കളെ അവരുടെ പ്രായത്തിനു ഹാനികരമായ പ്രസിദ്ധീകരണങ്ങളിൽ നിന്നും പ്രദർശനങ്ങളിൽ നിന്നും സംരക്ഷിക്കാൻ പ്രത്യേക ക്രമീകരണം ഉണ്ടാകണം.

## അദ്ധ്യായം 2

**ഇറങ്ങി പ്രവർത്തിക്കുക**–സമയവും സാഹചര്യവും ആവശ്യപ്പെടുന്നതുപോലെ പ്രേഷിതത്വത്തിന്റെ എല്ലാ തുറകളിലും ആശയവിനിമയ മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സഭയുടെ മക്കളെല്ലാം ഉടനടി ഒറ്റക്കെട്ടായി ഉത്സാഹപൂർവ്വം ശ്രമിക്കട്ടെ. മതത്തിന്റെയും സന്മാർഗ്ഗത്തിന്റെയും അഭിവൃദ്ധി കൂടുതൽ ആവശ്യമായിരിക്കുന്ന സ്ഥലങ്ങളിൽ വിശേഷിച്ചും അവർ ഉപദ്രവകരങ്ങളായ സംരംഭങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് തള്ളിനീക്കണം.

അജപാലകന്മാർ ഈ രംഗത്തു തങ്ങളുടെ കടമ എത്രയും വേഗത്തിൽ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. കാരണം ദൈവവചനപ്രസംഗമെന്ന അവരുടെ ഔദ്യോഗിക ചുമതലയോടു വളരെയധികം ബന്ധപ്പെട്ടതാണിത്. ഈ മാധ്യമങ്ങളോട് എന്തെങ്കിലും ബന്ധമുള്ള അല്മായർ പ്രധാനമായും തങ്ങളുടെ കർത്തവ്യങ്ങൾ വിദഗ്ദ്ധമായും പ്രേഷിതചൈതന്യത്തോടുകൂടിയും നിർവഹിച്ചുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ ശ്രമിക്കണം. അതിനും പുറമെ അവർ തങ്ങളാലാവുംവിധം സാങ്കേതികവും സാമ്പത്തികവും സാംസ്കാരികവും കലാപരവുമായ കഴിവുകൾ ഉപയോഗിച്ച് സഭയുടെ അജപാലകവൃത്തിയിൽ നേരിട്ടു സഹായിക്കണം.

**പ്രസിദ്ധീകരണകേന്ദ്രം**–ഒന്നാമതായിത്തന്നെ നല്ല പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്. അനുവാചകരെ യഥാർത്ഥ ക്രിസ്തീയചൈതന്യത്താൽ നിറയ്ക്കാനായി കത്തോലിക്കാപ്രസിദ്ധീകരണമെന്നു യഥാർത്ഥത്തിൽ പറയാവുന്ന ഒരു പ്രസിദ്ധീകരണം തുടങ്ങുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം.



ഇതിന്റെ സംരക്ഷണവും നിയന്ത്രണവും നേരിട്ടു സഭാധികാരികളുടെ കീഴിലോ കത്തോലിക്കരായ അല്മായരുടെ കീഴിലോ ആകാം. അതെങ്ങനെ ആയാലും സ്വാഭാവികനിയമങ്ങളോടും കത്തോലിക്കാ തത്വങ്ങളോടും പഠനങ്ങളോടും യോജിക്കുന്ന പൊതുജനാഭിപ്രായം രൂപപ്പെടുത്തുകയും നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന വ്യക്തമായ ലക്ഷ്യം പ്രസിദ്ധീകരണങ്ങൾക്കുണ്ടായിരിക്കണം. സഭയുടെ ജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ അവ പ്രസിദ്ധപ്പെടുത്തുകയും ശരിയായി വിശദീകരിക്കുകയും ചെയ്യേണ്ടതാണ്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വായിക്കേണ്ടതിന്റെയും പ്രചരിപ്പിക്കേണ്ടതിന്റെയും ആവശ്യത്തെപ്പറ്റി വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയും വേണം. എങ്കിലേ എല്ലാ സംഭവങ്ങളും ക്രിസ്തീയമായി വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(തുടരും)

LAITY VOICE




കഴിഞ്ഞ ലക്കം തുടർച്ച...

### നിദിധ്യാസനപ്രാർത്ഥന എന്താണ്?

നിശബ്ദതയിലും സ്നേഹത്തിലും ദൈവത്തിലേയ്ക്കുള്ള ലളിതമായ നോട്ടമാണ് നിദിധ്യാസന പ്രാർത്ഥന. അതൊരു ദൈവദാനമാണ്. ശുദ്ധമായ വിശ്വാസത്തിന്റെ നിമിഷവും. അതുവഴി പ്രാർത്ഥിക്കുന്നവൻ ക്രിസ്തുവിനെ അന്വേഷിക്കുന്നു. പിതാവിന്റെ സ്നേഹപൂർണ്ണമായ ഇഷ്ടത്തിന് തന്നെത്തന്നെ വിധേയനാക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ കീഴിൽ ഏകാഗ്രതയുള്ളവനാകുകയും ചെയ്യുന്നു. സൗഹൃദത്തിന്റെ ഗാഢബന്ധമായിട്ടാണ് ആവിലായിലെ വിശുദ്ധ ത്രേസ്യ നിദിധ്യാസനത്തെ നിർവചിക്കുന്നത്. അതുവഴി നമ്മെ സ്നേഹിക്കുന്നവനായ ദൈവത്തോടൊപ്പം തനിച്ചായിരിക്കാൻ കൂടെക്കൂടെ സമയം കണ്ടെത്തുന്നു.

## പ്രാർത്ഥനയാകുന്ന പോരാട്ടം

### എന്തുകൊണ്ടാണ് പ്രാർത്ഥന ഒരു പോരാട്ടമായിരിക്കുന്നത്?

പ്രാർത്ഥന വരപ്രസാദത്തിന്റെ ഒരു ദാനമാണ്. എന്നാൽ എപ്പോഴും നമ്മുടെ ഭാഗത്തുനിന്നുള്ള ഒരു ഉറച്ച മറുപടി അത് മുൻ ഉപാധിയായി ആവശ്യപ്പെടുന്നുണ്ട്. കാരണം, പ്രാർത്ഥിക്കുന്നവൻ തനിക്കുതന്നെയും സാഹചര്യത്തിനും സർവ്വോപരി, പ്രാർത്ഥനയിൽ നിന്ന് തന്നെ അകറ്റാൻ എല്ലാം ചെയ്തുകൊണ്ടിരിക്കുന്ന പ്രലോഭകനും എതിരായി പോരാടണം. ആത്മീയ ജീവിതത്തിലെ വളർച്ചയിൽ നിന്ന് പ്രാർത്ഥനയിലെ പോരാട്ടത്തെ വേർതിരിക്കാനാവില്ല. ഒരുവൻ ജീവിക്കുന്നതുപോലെ പ്രാർത്ഥിക്കുന്നു. എന്തെന്നാൽ അവൻ പ്രാർത്ഥിക്കുന്നതുപോലെയാണ് ജീവിക്കുന്നത്.

### പ്രാർത്ഥനയ്ക്ക് പ്രതിബന്ധങ്ങളുണ്ടോ?

തെറ്റായ ആശയങ്ങൾക്കുപുറമെ പ്രാർത്ഥിക്കാൻ സമയമില്ലല്ലോ പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനമെന്നോ അനേകർ കരുതുന്നുണ്ട്. പ്രാർത്ഥിക്കുന്നവർ ബുദ്ധിമുട്ടുകളുടെയും പ്രകടമായ വിജയമില്ലായ്മകളുടെയും മുമ്പിൽ നിരുത്സാഹരാകാനും ഇടയുണ്ട്. ഈ പ്രതിബന്ധങ്ങളെ അതിജീവിക്കുന്നതിന് എളിമ, വിശ്വാസാശ്രയബോധം, സ്ഥിരോത്സാഹം എന്നിവ അത്യാവശ്യമാണ്.

### പ്രാർത്ഥനയിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഏവയാണ്?

നമ്മുടെ പ്രാർത്ഥനയിൽ പതിവായിട്ടുള്ള പ്രയാസം പലവിചാരമാണ്. ദൈവത്തിൽ ശ്രദ്ധിക്കുന്നതിൽ നിന്ന് അത് നമ്മെ അകറ്റുന്നു. ദൈവത്തിൽ ശ്രദ്ധിക്കുന്നതിൽ നിന്ന് അത് നമ്മെ അകറ്റുന്നു. നാം എന്തിലാണ് ആസക്തരായിരിക്കുന്നതെന്ന് അത് വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അതിനാൽ എളിമയോടെ നമ്മുടെ ഹൃദയത്തെ ദൈവത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരണം. പ്രാർത്ഥന കൂടെക്കൂടെ ആദ്ധ്യാത്മികവരൾച്ചയുടെ ചതിയിലും അകപ്പെടാറുണ്ട്. ഇന്ദ്രിയപരമായ ആശ്വാസമില്ലാത്തപ്പോഴും വിശ്വാസത്തിൽ കർത്താവിനോടു ചേർന്ന് നിൽക്കാൻ ഇതിനെ കീഴടക്കൽ നമ്മെ സഹായിക്കുന്നു. ആത്മീയമാന്ദ്യം ഒരു തരത്തിലുള്ള ആത്മീയ മടിയാണ്. ജാഗ്രത കൈവിടുന്നതിന്റെയും ഹൃദയത്തിന്റെ അശ്രദ്ധയുടെയും ഫലമാണിത്.

### മക്കൾക്കടുത്ത നമ്മുടെ വിശ്വാസാശ്രയത്വം എങ്ങനെ ശക്തിപ്പെടുത്താം?

പ്രാർത്ഥന ശ്രവിക്കപ്പെടുന്നില്ല എന്ന് നാം ചിന്തിക്കുമ്പോൾ മക്കൾക്കടുത്ത വിശ്വാസാശ്രയത്വം പരീക്ഷണവിധേയമാകുന്നു. അതിനാൽ നാം നമ്മോടുതന്നെ ചോദിക്കണം ദൈവം നമുക്ക് ആരാണ്? അവിടുത്തെ ഇഷ്ടം നിറവേറ്റാൻ നാം അന്വേഷിക്കുന്ന ഒരു പിതാവാണോ? നാം ആഗ്രഹിക്കുന്നതു ലഭിക്കുന്നതിനുള്ള ഒരു മാർഗം മാത്രമോ? നമ്മുടെ പ്രാർത്ഥന യേശുവിന്റേതിനോട് ഐക്യപ്പെടുമെങ്കിൽ ഈ ദാനമോ ആ ദാനമോ അല്ല അവയെക്കാൾ വളരെക്കൂടുതലായ ദാനം അവിടുന്ന് തരുമെന്ന് നമുക്കറിയാം. അതായത്, നമ്മുടെ ഹൃദയത്തെ പരിവർത്തിതമാക്കുന്ന പരിശുദ്ധാത്മാവിനെ നമുക്ക് സ്വീകരിക്കാം.

### യേശുവിന്റെ *സമയ*ത്തിലെ പ്രാർത്ഥന എന്താണ്?

അന്ത്യത്താഴത്തിലെ പൗരോഹിത്യപ്രാർത്ഥനയാണ് അങ്ങനെ അറിയപ്പെടുന്നത്. തന്റെ പിതാവിലേയ്ക്ക് കടന്നുപോകുന്നതിനുള്ള *സമയം*, തന്റെ ബലിയർപ്പണത്തിന്റെ *സമയം* സമാഗതമായപ്പോൾ യേശു അവിടുത്തോട് ആ പ്രാർത്ഥന നടത്തി.

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only